മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 37 THE ONLINE OFFICIAL NEWS BULLETIN 2024 August 22

SEASON OF TRANSFIGURATION തേജസ്കരണകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
2nd Sunday after Shunoyo ♪5 25	♪1 26	♪5 27	♪1 28	♪5 Comme. of St. John the Baptist 86th Mem. of Mattackal Alexanderayos Malpan (Niranam Palli) 29	♪1 Mar Gabrieal Episcopa (Kottayam Cheriya Palli) 30	♪5 44th Mem. of Parettu Mathews Mar Ivanios (Pampady Dayara) 31



സഖറിയാ മാർ അന്തോനിയോസിന്റെ ഒന്നാം ഓർമ്മ പെരുന്നാൾ ശുശ്രൂഷകൾക്ക് ശാസ്താംകോട്ട മൗണ്ട് ഹോറേബ് ചാപ്പലിൽ പ. ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമ്മികത്വം വഹിച്ചു.



കോട്ടയം അരീപ്പറമ്പ് സെന്റ് ജോർജ് പള്ളിയുടെ സുവർണ്ണ ജൂബിലി സമാപന സമ്മേളനം പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



കുന്നംകുളം കോട്ടപ്പടി അഭയ ഭവൻ നവീകരണ പ്രവർത്തനങ്ങൾക്കു ശേഷം കൂദാശ ചെയ്ത് പരിശുദ്ധ കാതോലിക്കാ ബാവായുടെയും, ◌◌. ഗീവർഗീസ് മാർ യൂലിയോസിന്റെയും തൃക്കരങ്ങളാൽ ആശീർവദിക്കപ്പെട്ടു. കേരള ആരോഗ്യമന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിച്ചു.



'മാർ ഐറേനിയസിന്റെ ചിന്തകളും പ്രവർത്തനങ്ങളും നന്മകൾ നിറഞ്ഞവ'

മാർ ഐറേനിയസിന്റെ ചിന്തകളും പ്രവർത്തനങ്ങളും സമൂഹ നന്മകളുടെ ഉറവിടമെന്ന് ബുദ്ധമത നേതാവ് ദലൈലാമ്മയുടെ പ്രതിനിധി ആചാര്യ യെഷിയാക് തുൺസോക് പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭയുടെ ഡോ. യാക്കോബ് മാർ ഐറേനിയസ് മെത്രാപ്പോലീത്തയുടെ എഴുപത്തഞ്ചാം ജന്മദിനത്തോടനുബന്ധിച്ച് പരുമല പള്ളി ഓഡിറ്റോറിയത്തിൽ നടന്ന അനുമോദന സമ്മേളനത്തിൽ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻറെ ജീവിത വിശുദ്ധി അനേകരെ ആത്മീയ ജീവിതത്തിലേക്ക് നയിക്കുവാൻ പര്യാപ്തമാണ്. കൂടാതെ, അദ്ദേഹത്തിന്റെ സാമൂഹ്യ പ്രവർത്തനങ്ങൾ, തത്വചിന്തകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മറ്റുള്ളവരെ സഹായിക്കാനുള്ള താല്പര്യങ്ങൾ എല്ലാം ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായിൽ മാത്രം നമുക്ക് ദർശിക്കാവുന്ന ഘടകങ്ങൾ ആണെന്നും ആചാര്യ യേഷി തുൺസോക് പറഞ്ഞു. പ്രമുഖ വ്യവസായിയും സാമൂഹ്യ സാംസ്കാരിക പ്രവർത്തകനുമായ ഗൾഫാർ മുഹമ്മദലി മുഖ്യപ്രഭാഷണം നടത്തി. ഡോ. പോൾ മണലിൽ അദ്ധ്യക്ഷത വഹിച്ചു. പി. രാമചന്ദ്രൻ, പുനലൂർ സോമരാജൻ, റവ.കെ. വി. പോൾ റമ്പാച്ചൻ, ഫാ ആൻറണി വടക്കേക്കര, ജോസഫ് എം. പുതുശ്ശേരി, അഡ്വ. ബിജു ഉമ്മൻ, ഫാ. ബിജു പി. തോമസ്, തുടങ്ങിയവർ പ്രസംഗിച്ചു.



കുന്നംകുളം ഭദ്രാസന അധിപനും ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിഡന്റുമായ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ MGOCSM കേന്ദ്ര കലാമേള ഉദ്ഘാടനം ചെയ്യുന്നു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

928. നൂറനാട്ടു പള്ളിക്കാർക്കു. യോഗത്തെ കണക്കു കേൾപ്പിച്ചു തിരട്ടയക്കണമെന്നും കെട്ടുവാഴ, പിടിയരി മുതലായവ ശേഖരിച്ചു പള്ളിപണി നടത്തണമെന്നും മേൽപറഞ്ഞ പട്ടക്കാരെ വികാരിമാരായി നിയമിച്ചിരിക്കുന്നു എന്നും മറ്റും. 1920-നു 1096 കന്നി 12-നു. വെൺമണി പള്ളി.

929. വെണ്മണി പള്ളിക്കാർക്കു. കല്ലുമൺതറ മരിച്ചുപോയ കൊച്ചാണ്ടിക്കു പകരം വടക്കടത്തു കോശി ഉമ്മനെ ട്രസ്റ്റികളിൽ ഒരുവനായി നിയമിച്ചിരിക്കുന്നുയെന്നും തന്നാണ്ടു മുതൽകെട്ടിനു കോട്ടാൽ ഗീവറുഗീസിനെയും കണക്കിനു പള്ളി പടിഞ്ഞാറേതിൽ വർക്കി തൊമ്മിയെയും ഒരാണ്ടേക്കു നിയമിച്ചിരിക്കുന്നുയെന്നും പനച്ചമൂട്ടിൽ ഗീവറുഗീസു കത്തനാരെയും തെക്കേത്തലയ്ക്കൽ ഗീവറുഗീസു കത്തനാരെയും ആണ്ടുവികാരിമാരായിരിക്കണമെന്നും ഈ ആണ്ടത്തേക്കു പനച്ചമൂട്ടിൽ ഗീവറുഗീസ് കത്തനാർ വികാരിയായിരിക്കണമെന്നും ആദ്യപട്ടം കൊടുത്തിട്ടുള്ള കോറൂയന്മാരായ അലക്സാണ്ടറിനും ഗീവറുഗീസിനും പതാരം, കൈകസൂരി ഇവയിൽ നാലിലൊന്നു കൊടുക്കണമെന്നും മൂപ്പവകാശത്തിനു മേൽപ്പറഞ്ഞവയിൽ 4 ചക്രം വീതം പനച്ചമൂട്ടിൽ ഗീവറുഗീസ് കത്തനാർക്കു കൊടുക്കേണ്ടതാണെന്നും മറ്റും. 1920-നു 1096 കന്നി 12-നു വെണ്മണി പള്ളിയിൽ നിന്നും.

കന്നി 12-നു 4 മണിയോടു കൂടി വെണ്മണി പള്ളിയിൽ നിന്നും വണ്ടിമാർഗ്ഗം പുറപ്പെട്ടു സന്ധ്യയോടു കൂടി തോനയ്ക്കാട്ട് പള്ളിയിൽ എത്തി.

930. മട്ടയ്ക്കൽ മല്പാനു. ഗവർണ്ണരുടെ വരവു സംബന്ധിച്ചും മറ്റും. 1920 -നു 1096 കന്നി 13-നു തോനയ്ക്കാട്ടു പള്ളിയിൽ നിന്നും.

931. ഇടവങ്കാട്ടു പള്ളിക്കാർക്കു. മരിച്ചുപോയ മണ്ണാത്തു പീലിപ്പോസു കത്തനാർക്കും, അബ്രഹാം കത്തനാർക്കും മരണശേഷമുള്ള ഒരാണ്ടത്തെ വരുമാനം അവരുടെ അവകാശികൾക്കു കൊടുക്കണമെന്നു. 1920-നു 1096 കന്നി 16-നു തോനയ്ക്കാട്ടു പള്ളി.

932. തോനയ്ക്കാട്ടു പള്ളിക്കു. തന്നാണ്ടു മുതൽകെട്ടിനു ഇലഞ്ഞിമേൽ കണ്ണങ്കര ഇടിക്കുള കൊച്ചുകോശിയെയും, കണക്കെഴുത്തു ജോലിക്കു അരിയന്നൂക്കരിയിൽ ഇട്ടി ഉമ്മനെയും നിശ്ചയിച്ചിരിക്കുന്നുയെന്നും പള്ളിവരുമാനങ്ങൾ മുതൽകെട്ടിൽ ഏല്പിച്ചശേഷമേ ദിഷ്ടതികൾ നടത്തി കൊടുക്കാവൂ എന്നും കുടിശികപണങ്ങൾ ശേഖരിച്ചു മുതലുകെട്ടിൽ മുതലാക്കണമെന്നും പട്ടക്കാരുടെ ശമ്പളം നിശ്ചയിച്ചിരിക്കുന്നതു കൊടുത്തുകൊള്ളണമെന്നും മറ്റും. 1096 കന്നി മാസം 16-നു.

... 1096-മാണ്ടു കന്നി മാസം 16-നു 4 മണിക്കു തോനയ്ക്കാട്ടു പള്ളിയിൽ നിന്നും വള്ളം വഴി പുറപ്പെട്ടു രാത്രി 9 മണിക്കു പരുമല സിമ്മനാരിയിൽ എത്തി.

933. മുറന്തൂക്കിൽ മാത്തു കത്തനാർക്കും

934. ആറ്റുമാലിൽ സ്കറിയാ കത്തനാർക്കും

935. ഇലഞ്ഞിക്കൽ പീലിപ്പോച്ചനും

936. പണിക്കരു കത്തനാരച്ചനും. വർത്തമാനങ്ങൾക്കും മറ്റും. 1920-നു 1096 കന്നി 17-നു. പരുമല സിമ്മനാരി.

937. തുടിയൻ പൗലൂസിനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

938. പാടത്തു പുരവത്തിനു. രൂപാ അയച്ചുതരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.



939. വയലപ്പള്ളിൽ സ്കറിയാ കത്തനാർക്കു. കോട്ടയത്തു എത്തുമ്പോൾ വന്നു സംഗതി പറയണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

940. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. 1920-നു 1096 കന്നി 17-നു. പരുമല സിമ്മനാരി.

1096 കന്നി 17-നു ഉച്ചയ്ക്കു പരുമല നിന്നും വള്ളം കയറി പെരിങ്ങര കടവിൽ അടുത്തു വണ്ടി വഴി പുറപ്പെട്ടു എള്ളുംകാലായിൽ പെങ്ങളുടെ സുഖക്കേടു കാണ്മാൻ പോയി തിരിച്ചു കുരുവിള വർക്കിയെയും കണ്ടു എം.ജി.എം. സ്കൂളും സന്ദർശിച്ചു മടങ്ങി 6 മണിയോടു കൂടി പെരിങ്ങര എത്തി വള്ളം കയറി 18-നു 9 മണിക്കു കാപ്പികടവിൽ അടുത്തു ഏലിയാ ചാപ്പലിൽ കയറി ഉച്ചകഴിഞ്ഞു പുറപ്പെട്ടു 3 മണിയോടു കൂടി പഴയസിമ്മനാരിയിൽ എത്തി.

941. തയ്യിൽ കുഞ്ഞിനു. ഗവർണറുടെ വരവു സംബന്ധിച്ചു വേണ്ടതു ആലോചിക്കുന്നതിനായി ഇവിടെ വരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

942. തയ്യിൽ കുഞ്ഞിനു. ഗവർണറെ ക്ഷണിച്ചു വരുത്തേണ്ടയാവശ്യം ഉണ്ടായെന്നും മറ്റും. 1096 കന്നി 20-നു. കോട്ടയം.

943. ആലപ്പുഴ വല്യത്തോടിനു വടക്കേവശം തൈയ്ക്കാവു പുരയിടത്തിൽ സമുദായം വകയായി ഒരു പള്ളിക്കനുവാദം നൽകിയിരിക്കുന്നുയെന്നു. 1096 കന്നി 17-നു. കോട്ടയം.

944. കത്തിപ്പള്ളിൽ തോമ്മസു കത്തനാർക്കു. വർത്തമാനങ്ങൾക്കും അയ്പിനെ അയക്കണമെന്നും. 1920-നു 1096 കന്നി 22-നു. കോട്ടയം.

945. ... കത്തനാർക്കും.

946. ഇലഞ്ഞിക്കൽ പീലിപ്പോച്ചനും

948. ... ഗ്രാന്റു സ്കൂൾ അദ്ധ്യാപകന്മാർക്കുവേണ്ടി ഡെപ്യൂട്ടേഷൻ പോകണമെന്നു. ടി തീയതി. ടി സ്ഥലം.

950. ... ഉപദേശിക്കു. പരുമല വരണമെന്നു ...

955. കോട്ടയം ചെറിയപള്ളി ഇടവകക്കാർക്കു. ഈ മാസം 25-നു മൂന്നു മണിക്കു ഇവിടെ എത്തണമെന്നും ചില പ്രത്യേക സംഗതികളെ സംബന്ധിച്ചു ആലോചിക്കണമെന്നും. 1920-നു കൊല്ലം 1096 കന്നി 24-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

956. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. തൽക്കാലം സ്കൂളിൽ സ്റ്റാഫ് കൂട്ടേണ്ട ആവശ്യമില്ലെന്നും മറ്റും. 1096 കന്നി 25-നു. കോട്ടയം.

957. റ്റി. വി. ജോൺ ശെമ്മാച്ചനു. 50 രൂപ അയക്കുന്നു എന്നും മറ്റും. 1096 കന്നി 26-നു. കോട്ടയം.

958. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. മാസ്റ്ററന്മാരുടെ നയം നല്ലതല്ലെന്നും ബഹളം ഉണ്ടാക്കരുതെന്നും അമ്പതര രൂപ അയക്കുന്ന തുക കണക്കിൽ വരവു ചിലവു എഴുതി ജോൺ ശെമ്മാച്ചനയച്ചു കൊടുക്കണമെന്നു. ടി തീയതി. ടി സ്ഥലം.

959. സി. എം. കോരയ്ക്കു. ഇത്രടം വരണമെന്നു. 1096 കന്നി 27-നു. കോട്ടയം.

960. കൊച്ചുമാമ്മച്ചനു. എം.ജി.എം. നു പണം തരുന്നതിനു നിവൃത്തിയില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

961. കാങ്കാലിൽ മാത്യുവിനു. കായംകുളം പള്ളിവക തിരട്ടു മുതലായതു കിട്ടിയെന്നും മറ്റും. 1920-നു 1096 കന്നി 27-നു. കോട്ടയം സിമ്മനാരി.

962. കന്നുകുഴിയിൽ അച്ചാമ്മയ്ക്കു. ... സംബന്ധമായ കാര്യങ്ങളെ സംബന്ധിച്ചു കുഞ്ഞൂഞ്ഞിനോടും മറ്റും ... മറ്റും. 1920-നു 1096 കന്നി 28-നു. കോട്ടയം സിമ്മനാരി.

964. പാലപ്പള്ളിൽ പൗലൂസ് കത്തനാർക്കും

965. പാലപ്പള്ളിൽ മാണി മൂപ്പിലേക്കും

966. ക ... പ്പള്ളിൽ ഇട്ടൂപ്പിനും ...

967. പയ്യമ്പള്ളിൽ മൂപ്പച്ചനു. പുന്നവേലി പള്ളിക്കാര്യം സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

968. പുന്നവേലി പള്ളിക്കു. അത്യാവശ്യ പണികൾ നടത്തുന്നതിനു തൽക്കാല മുതൽകെട്ടിനു ചൊറിക്കാവുങ്കൽ കുഞ്ചെറിയായെയും കണക്കിനു ആറ്റുമാലിൽ കാവുംപുറത്തു തോമ്മായെയും വാളാർപൊയ്ക്കൻ കുരിയനെയും നിയമിച്ചിരിക്കുന്നുവെന്നും പിടിയരി മുതലായവ ശേഖരിച്ചു പള്ളി പണിക്കായി വാങ്ങിക്കുന്ന കടം വീട്ടണമെന്നും മറ്റും. 1920-നു 1096 കന്നി 28-നു. കോട്ടയം സിമ്മനാരി.

969. പുന്നൂസു വക്കീലിനു. വർത്തമാനങ്ങൾക്കും മറ്റും. ടി തീയതി. ടി സ്ഥലം.

970. കുറിയന്നൂർ പള്ളിക്കാർക്കു. പള്ളി, ശവക്കോട്ട, വൃക്ഷങ്ങൾ മുതലായതു നശിപ്പിച്ച വകയ്ക്കു മുതൽകെട്ടു തുണ്ടിയിൽ ഈശോ ചാക്കോയെ കേസു കൊടുപ്പാൻ അധികാരപ്പെടുത്തിയിരിക്കുന്നുയെന്നു. 1096 കന്നി 28. കോട്ടയം.

971. തച്ചേരിൽ ശെമ്മാച്ചനു. ദാവീദു ശെമ്മാച്ചന്റെ തക്സാ തർജ്ജമ സംബന്ധിച്ചുള്ള അഭിപ്രായം നല്ലതല്ലെന്നും ഗുണദോഷിക്കണമെന്നും മറ്റും. 1096 കന്നി 29-നു. കോട്ടയം.

972. കണ്ടത്തിൽ ഈപ്പൻ വക്കീലിനു. പരുമല സിമ്മനാരി വക ചിട്ടിപ്പണം വാങ്ങിക്കുവാനായി രസീതു കൊടുത്തു കലയക്കാട്ടിൽ തോമ്മാ കത്തനാരെ അയക്കുന്നുയെന്നും പറ്റെഴുതിച്ചു പണം കൊടുക്കണമെന്നും മാണി വാദ്ധ്യാരുടെ കടത്തിനു എം.ഡി. സിമ്മനാരിയിൽ നിന്നും ടിയാന്റെ ശമ്പളം വകയിൽ കിടപ്പുള്ള തുകയിൽ നെല്ലു കിട്ടുമ്പോൾ തന്നുകൊള്ളാമെന്നും മറ്റും. 1920-നു 1096 കന്നി 29-നു. കോട്ടയം സിമ്മനാരി.

973. സി. ഇടിച്ചാണ്ടി വാധ്യാർക്ക്. മഴുവന്നൂർ പള്ളിക്കാരിൽ ഒരാളുടെ കേസു അപ്പീൽ കൊടുക്കുന്നതിനെ സംബന്ധിച്ചു. 1920-നു 1096 കന്നി 30-നു. കോട്ടയം സിമ്മനാരി.

974. ഇലഞ്ഞിക്കൽ പീലിപ്പോച്ചനു. ജഡ്ജ്മെന്റ് അച്ചടിച്ച ചിലവിനു 120 രൂപാ കൂടെ ഇന്നയക്കുന്നുയെന്നും പുറകെ 100 രൂപ അയക്കുന്നതാണെന്നും വക്കാലത്തു അയക്കുന്നുയെന്നും മറ്റും. 1920-നു 1096 തുലാം 1-നു. കോട്ടയം സിമ്മനാരി.

975. കെ. വി. ഈപ്പനു. സുഖക്കേടു നിമിത്തവും മറ്റും തിരുമൂല വരുന്നതിനു പ്രയാസമാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

976. കൊച്ചുമെത്രാച്ചനും

977. ഈവാനിയോസു മെത്രാച്ചനും

978. പീലക്സിനോസു മെത്രാച്ചനും. വർത്തമാനങ്ങൾക്കും മറ്റും. 1096 തുലാം 1-നു. കോട്ടയം.

979. തയ്യിൽ കുഞ്ഞിനു. വർത്തമാനങ്ങൾക്കും തിരുമൂല പോകുന്നതിനു സാധിക്കയില്ലെന്നും മറ്റും. 1096 തുലാം 1-നു. കോട്ടയം.

980. അഞ്ചേരിൽ കോശി വക്കീലിനു. വ്യവഹാരം വകയ്ക്കും മറ്റും അയച്ചു തന്ന രൂപാ നൂറും കിട്ടിയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

981. ഇലഞ്ഞിക്കൽ കൊച്ചുണ്ണിക്കു. വർക്കിപ്പിള്ളയുടെ മകൻ വർക്കി എന്ന കൊച്ചനു ഒരു ജോലി കൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

982. കിളിലേത്തു പീലിപ്പോസിനും കുന്നുവള്ളിൽ ഉമ്മമ്മനും കായങ്കുളം പള്ളിവക കേസു രാജിയാക്കുന്നതിനെ സംബന്ധിച്ചുള്ള ആലോചനയ്ക്കായി പെരുന്നാൾ കഴിഞ്ഞു നാം അവിടെ എത്തി വേണ്ടതു ചെയ്യുമെന്നും അതുവരേയ്ക്കും അവധി വാങ്ങിക്കണമെന്നും മറ്റും. 1096 തുലാം 1-നു കോട്ടയം.

983. കുറിയാക്കോസ് റമ്പാച്ചനു. പരുമല പെരുന്നാളിനു വന്നുചേരണമെന്നും മറ്റും. 1920-നു 1096 തുലാം 2-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

984. തയ്യിൽ കുഞ്ഞിനു. വർത്തമാനങ്ങൾക്കു. 1920-നു 1096 തുലാം 2-നു കോട്ടയം.

985. കെ. വി. ഈപ്പനു. ഗവർണറെ സന്ദർശിക്കുന്നതിനു ബാലികാമഠത്തിൽ എത്തുന്നതാണെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

986. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

987. ഇലഞ്ഞിക്കൽ ഫീലിപ്പോച്ചനു. അപ്പീലിനെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

988. ചാത്തുരുത്തിൽ ചെറിയാൻ കോരയ്ക്കു. പെരുന്നാളിനു വന്നുചേരണമെന്നു. ടി തീയതി. ടി സ്ഥലം.

989. പീലക്സിനോസ് മെത്രാച്ചനും

990. ഈവാനിയോസ് മെത്രാച്ചനും

991. കൊച്ചുമെത്രാച്ചനും. ഗവർണറുടെ വരവ്, അപ്പീൽ മുതലായവ സംബന്ധിച്ചു. 1920-നു 1096 തുലാം 3-നു. കോട്ടയം സിമ്മനാരി.

992. ഇടിച്ചാണ്ടി വാധ്യാർക്കും

993. ഇലഞ്ഞിക്കൽ പീലിപ്പോച്ചനും. അപ്പീലിനെ സംബന്ധിച്ചും മറ്റും. 1920-നു 1096 തുലാം 3-നു. കോട്ടയം സിമ്മനാരി.

994. തോലത്തു ചുമ്മാരുകുട്ടിക്കു. പഴഞ്ഞി പള്ളി സംബന്ധിച്ചും മാത്തപ്പന്റെ നിലയെ സംബന്ധിച്ചും മറ്റും. 1920-നു 1096 തുലാം 3-നു. കോട്ടയം സിമ്മനാരി.

995. പി. കെ. ഇട്ടി മാത്തുവിനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

996. ചെറുവത്തൂർ ഉതുപ്പിനു. ടിയാന്റെ അമ്മയുടെ മരണം, പുലകുളി അടിയന്തിരം മുതലായ സംഗതികളെക്കുറിച്ചു. 1920-നു 1096 തുലാം 4-നു. കോട്ടയം സിമ്മനാരി.

997. കരിപ്പുഴ പള്ളിക്കാർക്കു. തന്നാണ്ടു മുതൽകെട്ടിനു പാലയ്ക്കൽ താഴെ മാത്തനെയും, കണക്കിനു കേളയ്ക്കൽ വീട്ടിൽ ശമുവേലിനെയും 1095 കർക്കടകം 31-ലെ യോഗനിശ്ചയപ്രകാരം നാം സമ്മതിച്ചിരിക്കുന്നുയെന്നും അഥവാ ഇതേ സംബന്ധിച്ചു വല്ല വാദങ്ങളും ഉണ്ടാകുന്നപക്ഷം ഈ മാസം 10-നു പരുമല സിമ്മനാരിയിൽ നമ്മുടെ മുമ്പാകെ സങ്കടക്കാർ എത്തി കേൾക്കുന്ന തുവരെ അന്ത്യകൂദാശ, ശവസംസ്കാരം ഇവ മാത്രമേ കഴിച്ചു കൊടുക്കാവൂ എന്നും മറ്റും. 1920-നു 1096 തുലാം 4-നു. കോട്ടയം സിമ്മനാരി.

998. മാത്തുള്ളേച്ചനു. ഗവർണറുടെ വരവിനു ബാലികാമഠത്തിൽ നാം പോകുമെന്നും പരുമല പെരുന്നാൾ സംബന്ധിച്ച കല്പന മനോരമയിൽ ചേർത്തു പരസ്യം ചെയ്യണമെന്നും മറ്റും. 1920-നു 1096 തുലാം 5-നു. കോട്ടയം സിമ്മനാരി.

999. മലങ്കരയുള്ള എല്ലാ പള്ളിക്കാർക്കും. പരുമല പെരുന്നാളിൽ വന്നു സംബന്ധിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

1000. കെ. വി. ഈപ്പനു. ഞായറാഴ്ച ബാലികാമഠത്തിൽ എത്തുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1001. മാത്തുള്ളേച്ചനു. തിരുവല്ലായിക്കു പോകുന്നതിനുള്ള തടസ്സം നീക്കുന്നതിനു സാധിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

1002. ഇലഞ്ഞിക്കൽ ഉതുപ്പച്ചനു. കേസിന്റെ അപ്പീൽ സംബന്ധിച്ചും മറ്റും. 1096 തുലാം 6-നു. കോട്ടയം.

1003. കന്നുകുഴിയിൽ അച്ചാമ്മയ്ക്കു. ... ടി തീയതി. ടി സ്ഥലം.

1004. പി. ജി. കോശി കത്തനാർക്കു. വർത്തമാനങ്ങൾക്കു.

1005. ... യാക്കോബു കത്തനാർക്കു. പുത്തങ്കാവിലെ ... സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

1006. ചെറുവത്തൂർ കുറിയാക്കോസു കത്തനാർക്കു. വർത്തമാനങ്ങൾക്കു. 1920-നു 1096 തുലാം 7-നു. കോട്ടയം സിമ്മനാരി.

1007. എം. മാത്യു വക്കീലിനു. വട്ടിപ്പണക്കേസിന്റെ അപ്പീൽ കൊടുത്തുയെങ്കിലും ജഡ്ജ്മെന്റ് പകർപ്പു കിട്ടിയില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1096 തുലാം 8-നു കുർബാന കഴിഞ്ഞു ഒമ്പതര മണിക്കു മദ്രാസ് ഗവർണർ അവർകളും പത്നിയും തിരുവല്ലാ ബാലികാമഠം ഫോർമൽ ആയി തുറക്കുന്ന അവസരത്തിൽ സന്നിഹിതനാകുന്നതിനു കാറിൽ പുറപ്പെട്ടു പത്തര മണിക്കു സ്കൂളിൽ എത്തി. ഗവർണർ മുതലായവരെ കണ്ടശേഷം വൈകിട്ടു ആറു മണിക്കു പുറപ്പെട്ടു ഏഴു മണിക്കു പഴയസിമ്മനാരിയിൽ എത്തി.

1008. ചാക്കോ സൂപ്രണ്ടിനു. വട്ടിപ്പണ അപ്പീലിലേക്കു രാമചന്ദ്രയ്യരെ ശട്ടം കെട്ടുന്നതിനു സൂപ്രണ്ടു തന്നെ എഴുതി അയക്കണമെന്നും അപ്പീലിനെക്കുറിച്ചുള്ള വിവരങ്ങളും മറ്റും. 1096 തുലാം 9-നു. കോട്ടയം സിമ്മനാരി.

1096 തുലാം 9-നു മൂന്നു മണിക്കു വള്ളം വഴി കോട്ടയത്തു നിന്നും പുറപ്പെട്ടു 10-നു രാവിലെ പരുമല സിമ്മനാരിയിൽ എത്തി.

1009. കങ്ങഴ പള്ളിക്കാർക്കു. വണ്ടത്താനത്തു വയലിലായ മണ്ണാലയിൽ തോമ്മാ, ദാനിയേലിന്റെ വിശ്വാസത്തിൽ ചേർന്നതിനെ സംബന്ധിച്ചും ടി പള്ളിവക കണക്കുകൾ കേട്ടു തീർച്ച ചെയ്യുന്നതിനെ സംബന്ധിച്ചും വാകത്താനത്തു മെത്രാച്ചന്റെ അടുക്കൽ ഹാജരായാൽ അദ്ദേഹം പരിഹാരമുണ്ടാക്കുമെന്നും മറ്റും. 1096 തുലാം 10-നു. പരുമല സിമ്മനാരി.

1010. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കും ആലപ്പുഴ ജില്ലയിൽ നീലകണ്ഠയ്യൻ വെങ്കിടേശ്വരയ്യന്റെ നിർദ്ധന നമ്പരിനെ സംബന്ധിച്ചും മറ്റും. 1920 -നു 1096 തുലാം 11-നു. പരുല സിമ്മനാരി.

1011. കരിപ്പുഴ പള്ളിക്കാർക്കു. തന്നാണ്ടു കൂടെ അല്ലെങ്കിൽ കടം വീടുന്നതുവരെയോ കോയ്പ്പള്ളിൽ മത്തായി തന്നെ മുതലുപിടി ജോലിയും അമ്പിൽ ഗീവറുഗീസു ഉണ്ണൂണ്ണി കണക്കെഴുത്തു ജോലിയും നടത്തണമെന്നും വരുമാനങ്ങളെല്ലാം മുതലുപിടിയിൽ ഏല്പിച്ചശേഷമല്ലാതെ അടിയന്തിരാദികൾ ഒരുത്തരുടേതും നടത്തികൊടുക്കരുതെന്നും അഞ്ചു കടക്കാരുടെ രൂപാ പതാര വരുമാനങ്ങളിൽ നിന്നു ഒരുപോലെ ഭാഗിച്ചുകൊടുത്തു രസീതു വാങ്ങിച്ചു സൂക്ഷിക്കണമെന്നും മറ്റും. 1920-നു 1096 തുലാം 12-നു. പരുമല സിമ്മനാരി.

മേൽ സംഗതിക്കു തന്നെ മേൽ നമ്പറിൽ വേറെ ഒരു കല്പന കൂടെ കൊടുത്തിട്ടുണ്ട്.

1012. പി. കോരുള, ബിഷപ്സ് സെക്രട്ടറി. അദ്ധ്യാപകന്മാരുടെ (ഗ്രാന്റു സ്കൂൾ) ശമ്പളം വർദ്ധിപ്പിക്കേണ്ടതിലേക്കു പോകണ്ട ഡെപ്യൂട്ടേഷനിൽ അംഗമായിരിക്കുന്നതിനു ജോൺ വക്കീലിനു നിവൃത്തിയില്ലെന്നും മാമ്മൻ മാപ്പിളയും മാമ്മൻ വക്കീലും സമ്മതിച്ചിട്ടുണ്ടെന്നും മറ്റും. 1920 ഒക്ടോബർ 30-നു. പരുമല സിമ്മനാരി.

1013. കുറിയന്നൂർ പള്ളിക്കാർക്കു. മുൻ മുതലുപിടിക്കാരനെ മാറ്റി പുത്തേത്തു ചാണ്ടി യോനായെ നിയമിച്ചിരിക്കുന്നുയെന്നു. 1920-നു 1096 തുലാം 13-നു. പരുമല സിമ്മനാരി.

1014. തച്ചിലേത്തു മത്തായി മൂപ്പിലേക്കു. വർത്തമാനങ്ങൾക്കു. 1096 തുലാം 16-നു. പരുമല സിമ്മനാരി.

1015. കുറിയന്നൂർ പുത്തൻ പള്ളിക്കാർക്കു. മുൻ മുതലുകെട്ടുകാരന്റെ കണക്കുകൾ കേട്ടു തീരുമാനിക്കുന്നതിനായി ഇപ്പോൾ നമുക്കു സൗകര്യമില്ലാത്തതിനാൽ നിങ്ങൾ യോഗം കൂടി മുൻ മുതലുപിടിക്കാരന്റെ കണക്കു കേട്ടു അയാളുടെ നിരപരാധിത്വം തെളിയിക്കണമെന്നും വരുമാനങ്ങൾ രണ്ടു പൂട്ടുള്ള പെട്ടിയിൽ സൂക്ഷിക്കണമെന്നും നിത്യചിലവിനു അഞ്ചു രൂപായോളം മുതലുപിടി വശം സൂക്ഷിക്കണമെന്നും മറ്റും. 1096 തുലാം 18-നു. പരുമല.

1016. വാഴാംവേലിൽ യൗസേഫ് ഉപദേശിക്കു. ടിയാന്റെ ഭാര്യയ്ക്കു വേണ്ടതൊക്കെയും ചെയ്യണമെന്നും സംരക്ഷിക്കണമെന്നും മറ്റും. 1096 തുലാം 18-നു. പരുമല സിമ്മനാരി.

1017. വളഞ്ഞവട്ടത്തു പള്ളിക്കു. അടുത്ത ഞായറാഴ്ച ഇവിടെ എത്തി പള്ളികാര്യം ബോധിപ്പിച്ചുകൊള്ളണമെന്നും മറ്റും. 1096 തുലാം 18-നു. പരുമല സിമ്മനാരി.

1018. മോടിശേരിൽ കുഞ്ഞുതൊമ്മിയച്ചനു. അഞ്ചേരിൽ കോമടത്തു ഇട്ടിചെറിയാൻ എന്നയാളിനു കഴിവുള്ള സഹായം ചെയ്യണമെന്നും മറ്റും. 1920-നു 1096 തുലാം 19-നു. പരുമല സിമ്മനാരി.

1019. വടുതല ഈശോ കത്തനാർക്കു. തയ്യിൽ ചെറിയാനും പെരുമല ഗീവറുഗീസും ഇടവക സ്ഥിരപ്പെടുത്തി രാജിഹർജി കൊടുക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1020. ചാവടിയിൽ തൊമ്മിയച്ചനു. കണ്ണങ്കോടുപള്ളി സംബന്ധമായ പട്ടക്കാരുടെ അപേക്ഷ സംബന്ധിച്ചും മറ്റും. 1096 തുലാം 20-നു. പരുമല.

1021. കൊന്നയിൽ പീലിപ്പോസു കത്തനാർക്കും അറപ്പുരയിൽ ഗീവറുഗീസു കത്തനാർക്കും പുത്തൻവീട്ടിൽ സക്കറിയാ കത്തനാർക്കും കൂടി. കണ്ണങ്കോടു പള്ളി സംബന്ധമായ കാര്യങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

1022. പഴഞ്ഞി സുവിശേഷസംഘം സിക്രട്ടറിക്കു. കൊള്ളന്നൂരു ചെറിയായ്ക്കുവിനെയോ, പുലിക്കോട്ടിൽ താവുണ്ണിയെയോ ഉപദേശിയായി നിയമിച്ചു കൊള്ളണമെന്നു. ടി തീയതി. ടി സ്ഥലം.

1023. തോലത്തു ചുമ്മാരിനു. വർത്തമാനങ്ങൾക്കും മറ്റും. 1930-നു 1096 തുലാം 20-നു. പരുമല സിമ്മനാരി.

1024. തച്ചേരിൽ ശെമ്മാച്ചനു. വർത്തമാനങ്ങൾക്കു.

1025. ദാവീദു ശെമ്മാച്ചനു. ടിയാനെ സംബന്ധിച്ചു ... എഴുതിയതിൽ സംശയം ഇല്ലെന്നും മറ്റും. 1920-നു 1096 തുലാം 20-നു. പരുമല സിമ്മനാരി.

1026. റ്റി. ജി. മാത്യുവിനു. പുതുവൽ സംഗതി, നിലയ്ക്കൽ സ്ഥലം മുതലായവ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

1027. കെ. ജെ. ചാണ്ടി ബി.എ. ബി.എൽ. നു. കുന്നത്തുനാട് ... പേരൂർ കരയിൽ പള്ളി സ്ഥാപിക്കുന്നതിനു പൊല്ലയിൽ അവിരാ പൈലി മുതൽപേർ തന്ന വക്കാലത്തിനനുസരിച്ചു വേണ്ടതു പ്രവർത്തിക്കണമെന്നു. ടി തീയതി. ടി സ്ഥലം.

1028. കൊച്ചുമാമ്മച്ചനു. വർത്തമാനങ്ങൾക്കും ... 125 രൂപ അയച്ചിട്ടുണ്ടെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1029. ... ഗീവറുഗീസു കത്തനാർക്കു. ... കൊടുത്തയയ്ക്കുന്നതിനു ബഹളം നിമിത്തം സാധിച്ചില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

1030. മാളിക്കൽ കണ്ണേത്തു അയ്പ്പോരയ്ക്കു. ടിയാന്മാരുടെ പുറമ്പോക്കു സംഗതി സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

1031. ചേലക്കര പള്ളിക്കാർക്കു. കൈസ്ഥാന സംബന്ധമായ സംഗതികൾ പറഞ്ഞു തീർക്കുന്നതിനു ചെറുവത്തൂർ മാത്തു ഉതുപ്പിനെയും തലക്കോടു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കര പായിച്ചാക്കുണ്ണിയെയും അങ്ങോട്ടയക്കുന്നുയെന്നും മറ്റും. 1920-നു 1096 തുലാം 20-നു. പരുമല സിമ്മനാരി.

1032. ചെറുവത്തൂർ മാത്തു ഉതുപ്പിനും തലക്കോട്ടുകര പായി ചാക്കുണ്ണിക്കും. ചേലക്കര പള്ളിസംബന്ധമായ കാര്യങ്ങൾ പറഞ്ഞു തീർക്കുന്നതിനു മദ്ധ്യസ്ഥന്മാരായി നമുക്കു പകരം നിയമിച്ചിരിക്കുന്നുയെന്നു. ടി തീയതി. ടി സ്ഥലം.

1033. തെക്കേക്കര കുറിയാക്കോസു കത്തനാർക്കു. കിഴക്കേ പുത്തൻപള്ളി സംബന്ധമായി ഉണ്ടായ നീരസം നീക്കണമെന്നും മറ്റും. 1096 തുലാം 21-നു. പരുമല സിമ്മനാരി.

1034. മാത്തുള്ളേച്ചനു. ഭാഷാപോഷിണി വി.പി. അയച്ചതിനെ സംബന്ധിച്ചു. 1096 തുലാം 21-നു. പരുമല.

1035. പയ്യമ്പെള്ളിൽ മൂപ്പച്ചനു. കപ്യാരു തോമ്മായുടെ മകന്റെ കല്യാണം നടത്തിക്കൊടുക്കണമെന്നും മറ്റും. 1096 തുലാം 21-നു പരുമല സിമ്മനാരിയിൽ നിന്നും.

1036. കറത്തേടത്തു കീവർച്ചനു. അവിടെ ഏല്പിച്ചിട്ടുള്ള പണത്തിനു കഴിഞ്ഞ കർക്കടക മാസാവസാനം വരെയുള്ള ... കണക്കോ നോട്ടോ കൊടുത്തയക്കണമെന്നു. 1096 തുലാം 23-നു. പരുമല.

സിസ്റ്റർ ഹെലൻ അന്തരിച്ചു



കടമ്പനാട്: നസ്രേത്ത് കോൺവെന്റ് അംഗം സിസ്റ്റർ ഹെലൻ സി.എൽ.ജി. (92) അന്തരിച്ചു. സംസ്കാരം 20-08-2024 നു കോൺവെന്റ് ചാപ്പലിൽ നടന്നു. കോഴിമല സെന്റ് മേരീസ് യു.പി. സ്കൂൾ അദ്ധ്യാപികയായിരുന്നു. ദീർഘകാലം നസറേത്ത് സൺഡേസ്കൂൾ പ്രധാന അദ്ധ്യാപികയായും, സെന്റ് ജോസഫ്സ് നസറേത്ത് സ്കൂൾ അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പത്തനംതിട്ട പ്രക്കാനം ഇലവുനിൽക്കുന്നതിൽ പരേതരായ ഇ. റ്റി. മത്തായി ഉപദേശിയുടേയും മറിയാമ്മയുടേയും മകളാണ്. സഹോദരങ്ങൾ: ജെയിംസ് ഇ. മാത്യു കോർഎപ്പിസ്കോപ്പാ (പ്രക്കാനം), സിസ്റ്റർ ശ്മൂനി (ബഥനി കോൺവെന്റ്, റാന്നി പെരുനാട്), എലിസബത്ത് ജോൺ (പുത്തൂർ), പരേതരായ അന്നമ്മ ജോൺസൺ (റാന്നി), ജോൺസൺ ഇ. മാത്യു (പ്രക്കാനം).

തോമസ് ചാണ്ടി അന്തരിച്ചു



കുഞ്ഞിക്കുഴി: ചെന്നൈ പയോമ ഇൻഡസ്ട്രീസ് റിട്ട. ഡി.ജി.എം. താഴത്തങ്ങാടി ആറ്റുതുരുത്തേൽ തോമസ് ചാണ്ടി (73) ചെന്നൈയിൽ അന്തരിച്ചു. താഴത്തങ്ങാടി മാർ ബസേലിയോസ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി ട്രസ്റ്റി, സൺഡേസ്കൂൾ പ്രധാനാധ്യാപകൻ, മലങ്കര ഓർത്തഡോക്സ് സഭ അൽമായവേദി ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. ഭാര്യ: എണ്ണശ്ശേരിലായ കാര്യക്കുളത്ത് സിന്ധു. മക്കൾ: സരിത (ചെന്നൈ), സച്ചിത് (യു.എസ്.). മരുമക്കൾ: കശ്യപ് ഒരുവട്ടിത്തറ കുമരകം (ചാർട്ടേഡ് അക്കൗണ്ടന്റ്, ചെന്നൈ), ദീപ്തി ചുമ്മാരുപറമ്പിൽ ചെമ്പ് (യു.എസ്.). സംസ്കാരം കോട്ടയം പുത്തൻപള്ളിയിൽ നടത്തി.

1037. വളഞ്ഞവട്ടത്തു പള്ളിക്കാർക്കു. പ്രിയരെ, ഈ മാസം 18-നു നാം നിങ്ങൾക്കയച്ചിരുന്ന കല്പനപ്രകാരം ഇന്നലെ നിങ്ങൾ ഇവിടെ നമ്മുടെ അടുക്കൽ കൂടുകയും ആ പള്ളി സംബന്ധമായി ഉണ്ടായിട്ടുള്ള കുഴപ്പങ്ങളെക്കുറിച്ചു കേട്ടു തീരുമാനിക്കയും ചെയ്തിരിക്കുന്നതിനാൽ ഇനി ഒരു കല്പന നാം അയക്കുന്നതുവരെ താഴെ വിവരിക്കുന്നപ്രകാരം നടന്നും നടത്തിച്ചും കൊള്ളണം.

1. തൈക്കമ്പിൽ പുത്തൻവീട്ടിൽ ജോഷ്വാ കത്തനാരെ ആ പള്ളിയുടെ ഇടവകപട്ടക്കാരനായി നിങ്ങളേവരും സ്വീകരിച്ചിരിക്കുന്നുയെങ്കിലും തൽക്കാലം അയാൾ അതുകൊണ്ടു മാത്രം ആ പള്ളിഭരണം നടത്തിക്കുന്നതായാൽ പല കുഴപ്പങ്ങൾക്കും ചിലർക്കു അതൃപ്തിക്കും ഇടയുള്ളതായി കാണുന്നതുകൊണ്ട് ടി ജോഷ്വാ കത്തനാരും നിരണത്തു പനയ്ക്കാമറ്റത്തു അബ്രഹാം കത്തനാരും ഇപ്പോൾ ആ പള്ളി നടത്തിവരുന്ന കിഴക്കേടത്തു അബ്രഹാം കത്തനാരും കൂടി ആഴ്ച വികാരിമാരായി ഓരോ ആഴ്ച വീഴ്ച കൂടാതെ ആ പള്ളി നടത്തുവാൻ തക്കവണ്ണം ഈ കല്പന മൂലം നാം നിശ്ചയിച്ചിരിക്കുന്നതിനാൽ അവരെക്കൊണ്ടു ആ പള്ളി ക്രമമായി നടത്തിച്ചുകൊള്ളുകയും പട്ടത്വവരുമാനങ്ങൾ അവർ മൂവർക്കും ഒരുപോലെ ഭാഗിച്ചുകൊടുത്തുകൊള്ളുകയും അടുത്ത ഞായറാഴ്ച മുതൽ അവർ മൂപ്പുമുറയനുസരിച്ചു ഓരോ ആഴ്ച നടത്തിക്കൊള്ളുകയും ചെയ്യേണ്ടതാകുന്നു.

2. ആ ഇടവകയിൽ മണത്തറ കുഞ്ഞമ്മൻ യൗസേപ്പിനെ മുതൽകെട്ടു ജോലിക്കും തലയണപറമ്പിലായ അഞ്ചിരിക്കാട്ടു ഗീവറുഗീസ് ഗീവറുഗീസിനെ കണക്കെഴുത്തുജോലിക്കും നിങ്ങൾ തിരഞ്ഞെടുത്തതിനെ ഈ കല്പന മൂലം നാം സ്ഥിരപ്പെടുത്തിയിരിക്കുന്നതിനാൽ ഇന്നു മുതൽ ഒരാണ്ടേക്കു അവരുടെ ചുമതലകളെ ഭംഗിയായും കൃത്യമായും നടത്തിച്ചുകൊള്ളുകയും ആണ്ടറുതിയിൽ കണക്കു കേട്ടു പുതിയതായി നിയമിക്കപ്പെടുന്ന ചുമതലക്കാരെ ചുമതല ഏല്പിച്ചു നടന്നുകൊള്ളുകയും വേണം.

3. ആ പള്ളി വക വരവുചിലവുകളുടെ കണക്കുകളെ സംബന്ധിച്ചു നമ്മുടെ മുമ്പാകെ വച്ചു നിങ്ങളോടു നാം ചോദിച്ചാറെ പള്ളിക്കു കടമല്ലാതെ മിച്ചമൊന്നുമില്ലെന്നും ആ പള്ളിയുടെ പണിവകക്കായി ചിലവിട്ടതിൽ തൈക്കടവിൽ കണിയാന്ത്ര മാത്തു മത്തായിക്കു നൂറ്റിപ്പത്തു രൂപായും, തലയത്തുപറമ്പിലായ അഞ്ചിരിക്കാട്ടു ഗീവറുഗീസു ഗീവറുഗീസിനു ഏഴു രൂപായും കൊടുത്തു തീർപ്പാനുള്ളതായും നോട്ടിൻപ്രകാരം താന്നിമൂട്ടിൽ വർക്കി ചാക്കോ 16 രൂപായും നോട്ടിൻപ്രകാരവും അല്ലാതെയും തൈക്കടവിൽ പുത്തമ്പുരയ്ക്കൽ കുരുവിള ഗീവറുഗീസു വക്കീൽ 70 രൂപായും പള്ളിക്കു കൊടുപ്പാനുള്ളതായി അറിയുന്നതുകൊണ്ടു മുതൽപിടി കുഞ്ഞുമ്മൻ യൗസേഫു മേൽപറഞ്ഞതായ പള്ളിക്കു വരുവാനുള്ള പണം വാങ്ങി പറഞ്ഞ കടം വീട്ടുകയും കടത്തിൽ ശേഷിപ്പുള്ള സംഖ്യ മേലാലുണ്ടാകുന്ന പള്ളിവരുമാനങ്ങളിൽ നിന്നു കൊടുത്തു തീർത്തുകൊള്ളുകയും ചെയ്യണം.

4. നിങ്ങളിൽ മുളനിൽക്കുന്നതിൽ ഗീവറുഗീസു ഇട്ടിയവിരായെയും, മണത്തറ വടക്കേ ചെരിവുപറമ്പിൽ കൊച്ചുഞ്ഞു ഈപ്പൻ വക്കീലിനെയും, തൈക്കടവിൽ പുത്തൻപുരയ്ക്കൽ കുരുവിള വറുഗീസു വക്കീലിനെയും, അടുക്കത്തിൽ ചാണ്ടിക്കുഞ്ഞുമ്മനെയും ഇന്നു മുതൽ ഒരാണ്ടേക്കു ആ പള്ളിയുടെ കൈക്കാരന്മാരായി നിങ്ങൾ തിരഞ്ഞെടുത്തതിനെ ഈ കല്പന മൂലം നാം സ്ഥിരപ്പെടുത്തിയിരിക്കുന്നതിനാൽ പള്ളി കാര്യാദികൾ അവർ ചുമതലപ്പെട്ടു നടത്തുകയും ആ പള്ളിയുടെ നിത്യചിലവു നീക്കിയുള്ള സകല ചിലവുകളും ടി കൈക്കാരന്മാരെ കൂടി ബോധ്യപ്പെടുത്തി മുതലുപിടിക്കാരൻ ചിലവു ചെയ്തുകൊള്ളുകയും വേണം.

5. പള്ളിക്കുള്ള വരുമാനങ്ങൾ അപ്പഴപ്പോൾ തന്നെ വയ്പ്പിച്ചു മുതലുകെട്ടിൽ ഏല്പിക്കാതെ ആരുടെയും ആത്മീയ അടിയന്തിരാദികൾ നടത്തിക്കൊടുക്കുന്നതിനു പട്ടക്കാർക്കധികാരമില്ലാത്തതും അല്ലാതെ നടത്തിക്കൊടുക്കയോ കല്യാണങ്ങൾക്കു കുറികൊടുക്കയോ ചെയ്യുന്നതായാൽ അങ്ങനെ ചെയ്യുന്ന പട്ടക്കാർ ശിക്ഷാർഹരായി തീരുന്നതുമാകുന്നു.

6. കാസാ മുതലായ പള്ളിസാമാനങ്ങളും പള്ളി റിക്കാർട്ടുകളും മുതലുപിടിയിൽ സൂക്ഷിച്ചുകൊള്ളേണ്ടതും പള്ളിയുടെ ആവശ്യത്തിലേക്കു മുതലുപിടിക്കാരൻ അതുകളെ ഉപയോഗിച്ചുകൊള്ളേണ്ടതുമാകുന്നു. ശേഷം കാര്യങ്ങൾക്കു പിന്നാലെ നാം കല്പന അയക്കുന്നതുമാണ്. സർവ്വശക്തനായ ...

എന്നു 1920-നു 1096 തുലാം 23-നു. പരുമല.

(തുടരും)

പുസ്തകം

വിശുദ്ധന്റെ ലിഖിതങ്ങൾ

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

മലങ്കരസഭയുടെ സ്വാതന്ത്ര്യവും ദേശീയതയും തനിമയും സംരക്ഷിക്കുന്നതിന് ജീവിതം സമഗ്രമായി സമർപ്പിച്ച പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ (1858-1934) എഴുത്തുകളുടെ ആദ്യ വാല്യമാണ് *വട്ടശ്ശേരിൽ തിരുമേനിയുടെ കത്തുകൾ.*

പ്രശസ്ത സഭാചരിത്ര ഗവേഷകനും മാധ്യമപ്രവർത്തകനുമായ ജോയ്സ് തോട്ടയ്ക്കാടിന്റെ നിരന്തരമായ ഗവേഷണ ഔത്സുക്യവും ചരിത്രബോധവുമാണ് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ കത്തുകളും കല്പനകളും കണ്ടെത്തുന്നതിന് സഹായിച്ചത്. പ. വട്ടശ്ശേരിൽ തിരുമേനി 1934 ഫെബ്രുവരി 23-ന് കാലം ചെയ്തെങ്കിലും ജീവചരിത്രം ഉണ്ടാകുന്നത് 1969-ലാണ്. ചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് *മലങ്കര നസ്രാണികൾ* എന്ന പരമ്പരയിൽ എഴുതിയ നാലാം വാല്യവും *നിത്യാക്ഷരങ്ങൾ* എന്ന മൂന്നു വാല്യങ്ങളും (മലങ്കര നസ്രാണികൾ വാല്യം 8, 9, 10) പ. വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതവും സാക്ഷ്യവും അടുത്ത് അറിയുവാൻ സഹായിക്കുന്നു.


ചരിത്രകാരനായ പാറേട്ടിന്റെ നിയോഗവഴിയിൽ ജോയ്സ് തോട്ടയ്ക്കാട് വട്ടശ്ശേരിൽ തിരുമേനിയുടെ 1919 മുതൽ 1934 വരെയുള്ള കല്പനകളും ഡയറിക്കുറിപ്പുകളും കണ്ടെത്തിയിരിക്കുന്നു. അവ സമ്പൂർണ്ണമായി പ്രസിദ്ധീകരിക്കുന്ന ദൗത്യമാണ് സ്വയം ഏറ്റെടുത്തിരിക്കുന്നത്. പ. വട്ടശ്ശേരിൽ തിരുമേനിയുടെ 69-ാമത് ചരമവാർഷികമായ 2003-ലാണ് അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചത്. അദ്ദേഹത്തിന്റെ ചരമ നവതി വർഷത്തിൽ (2024) എഴുത്തുകളുടെയും കല്പനകളുടെയും സമാഹാരം പ്രസിദ്ധീകരിക്കുമ്പോൾ, മലങ്കരസഭയ്ക്ക് ലഭിക്കുന്നത് ചരിത്രത്തിന്റെ പുത്തൻ ഉൾക്കാഴ്ചകളാണ്.

പ. വട്ടശ്ശേരിൽ തിരുമേനിയുടെ 1923-1926 കാലത്തെ കത്തുകളും കല്പനകളും സഭാചരിത്രത്തിൽ വിസ്മൃതമായ സാക്ഷ്യങ്ങളുടെ അടയാളങ്ങൾ വെളിപ്പെടുത്തുന്നു. അദ്ദേഹം നടത്തിയ യാത്രകൾ, ഇടപെടലുകൾ, പള്ളിക്കാര്യങ്ങൾ, വ്യക്തിബന്ധങ്ങൾ, സംഭവചരിത്രങ്ങൾ, വ്യവഹാരപ്രശ്നങ്ങൾ എന്നിവയുടെ നേർക്കാഴ്ചകൾ ഇതിൽ ഉൾച്ചേരുന്നു.

മലങ്കരസഭാചരിത്രത്തിൽ പിതാക്കന്മാരുടെ എഴുത്തുകളുടെ സമാഹരണം *നിത്യാക്ഷരങ്ങൾ* എന്ന പേരിൽ *മലങ്കര നസ്രാണികൾ* എന്ന പരമ്പരയിലൂടെ അവതരിപ്പിച്ചത് ഇസ്സഡ്. എം. പാറേട്ടാണ്. ഡോ. സാമുവൽ ചന്ദനപ്പള്ളി *പവിത്ര രചനകൾ* എന്ന പേരിൽ *മലങ്കരസഭാ പിതാക്കന്മാർ* എന്ന പഠനം അവതരിപ്പിച്ചു. അതിന്റെ തുടർച്ചയായിട്ടാണ് ഡോ. എം. കുര്യൻ തോമസിന്റെ നസ്രാണി പൈതൃക പഠനവും ജോയ്സ് തോട്ടയ്ക്കാടിന്റെ വിശുദ്ധ ലിഖിതങ്ങളുടെ അവതരണവും. പരിശുദ്ധ പരുമല തിരുമേനിയുടെ എഴുത്തുകളും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ കത്തുകളും പങ്കിടുന്നത് മലങ്കരസഭാ ചരിത്രത്തിലെ ചില അവിസ്മരണീയ സംഭവങ്ങളുടെയും ഇടപെടലുകളുടെയും നേർ സാക്ഷ്യമാണ്.

സഭാചരിത്ര ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാട് സമാഹരിച്ചിരിക്കുന്ന വട്ടശ്ശേരിൽ തിരുമേനിയുടെ കത്തുകളിൽ പ്രധാന കല്പനകൾ, സ്വകാര്യകത്തുകൾ, കല്പനാബുക്കിലെ ദിനവൃത്താന്തങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. പ. വട്ടശ്ശേരിൽ തിരുമേനിയുടെ കർമ്മകാലത്തെ പ്രമുഖരായ വൈദിക ഗണങ്ങളുടെയും അൽമായ നേതാക്കളുടെയും ഹ്രസ്വചരിത്രവും ഇതിൽ ഉൾച്ചേർത്തിട്ടുണ്ട്. പ. വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതവും കാലവും സമഗ്രമായി അടയാളപ്പെടുത്തുന്നതിന് ഇത് സഹായിക്കുന്നു.

മലങ്കരസഭയിലുണ്ടായ കക്ഷിവഴക്കിന്റെയും കോടതി വ്യവഹാരത്തിന്റെയും പശ്ചാത്തലത്തിൽ എഴുതിയ നിരവധി സ്വകാര്യകത്തുകളും കല്പനകളും, ഇടയലേഖനങ്ങളും സഭാകേസിന്റെ നാൾവഴികളും ഇതിൽ വെളിപ്പെടുത്തുന്നു. മലങ്കരസഭയിൽ ശാശ്വത സമാധാനം ഉണ്ടാകണമെന്ന ലക്ഷ്യത്തിൽ വട്ടശ്ശേരിൽ തിരുമേനി നടത്തിയ യാത്രകളും സന്ധി സംഭാഷണങ്ങളും ഇടയലേഖനങ്ങളും വളരെ ശ്രദ്ധേയമാണ്. കേസ്, കോടതി, വക്കീൽ, സാക്ഷി വിസ്താരം, വിചാരണ, ഫീസ്, പിരിവ് എന്നിവയെക്കുറിച്ച് നിരവധി വിവരണങ്ങളുമുണ്ട്.



മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കുന്നതിന് 1923 ജൂൺ 23-ന് കുണ്ടറയിൽ നിന്നും മർദ്ദീനിലേക്ക് 37 ദിവസം യാത്ര ചെയ്ത് അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ അടുക്കൽ എത്തി 67 ദിവസത്തോളം താമസിച്ച വട്ടശ്ശേരിൽ തിരുമേനി 'മലങ്കരസഭയുടെ ഐശ്വര്യത്തിനും അഭിവൃദ്ധിക്കും സമാധാന പരിപാലനത്തിനും വേണ്ട കാര്യങ്ങൾ പാത്രിയർക്കീസിനെ അറിയിച്ചു. ആത്യന്തികമായി സഭയിൽ സമാധാനം ആഗ്രഹിച്ച അദ്ദേഹം കേസുകളും കോടതി വ്യവഹാരങ്ങളിലും ക്രിയാത്മകമായി ഇടപെട്ടിരുന്നു. ഉജ്വലമായ സാക്ഷിവിസ്താരങ്ങൾ മലയാള മനോരമ പത്രത്തിൽ അച്ചടിച്ചു വന്നിരുന്നു. 'നമ്മുടെ മൊഴി മനോരമയിൽ പരസ്യം ചെയ്യുന്നത് കൂടാതെ ഒരു പുസ്തകമായി അടിപ്പിക്കുന്നുണ്ട്. അടിച്ചു തീർന്നാൽ ഉടൻ ഒരു കോപ്പി അങ്ങോട്ട് അയച്ചുകൊള്ളാമെന്ന്' 1916 (1091 ഇടവം 24) ന് കോട്ടയം സിമ്മനാരിയിൽ നിന്നു എഴുതിയ സ്വകാര്യ കത്തിൽ പറയുന്നുണ്ട്.

വട്ടിപ്പണക്കേസിൽ മദ്രാസിലെ പ്രശസ്തനായ ശ്രീനിവാസയ്യങ്കാരെ വക്കീലായി വെച്ച വിവരം 1921-ൽ (1097 കന്നി 5) എഴുതിയ കല്പനയിൽ പറയുന്നു. "അദ്ദേഹത്തിന് നിത്യം 750 രൂപാ പടിയും 5000 രൂപാ ഫീസും കൊടുപ്പാൻ തക്കവണ്ണമാണു കരാർ ചെയ്തിരിക്കുന്നത്. വിവിധ ഇനത്തിൽ ... വേറെ സ്ഥലത്തുള്ള ഒന്നു രണ്ടു വക്കീലന്മാർക്കും ഫീസു കൊടുക്കേണ്ടിവരും. ആകെ ഇരുപത്തീരായിരം രൂപായിൽ കുറയാതെ വേണ്ടിവരുമെന്നാണു തോന്നുന്നത്. ഇതു നമുക്ക് വഹിപ്പാൻ കഴിയുന്നതിൽ കൂടുതലായ ഒരു സംഖ്യയാണെന്നു അറിയാമല്ലോ" എന്ന് 1921-ലെ 775-ാം നമ്പർ കല്പനയിൽ പറയുന്നു. അദ്ദേഹം ആത്മവ്യഥയോടെ അതിൽ എഴുതുന്നു: "ഇതിലേക്ക് പണം ശേഖരിക്കുന്നതിനായി തലയ്ക്കു ലക്കില്ലാത്ത ഒരു ഭ്രാന്തനെപ്പോലെ നാം ഇപ്പോൾ അങ്ങുമിങ്ങും ഓടിനടക്കുകയാണ്. പലരും സഹായിക്കുന്നുണ്ട്." നിരവധി വിശ്വാസികളുടെ സ്നേഹപൂർവ്വമായ സഹായവും വട്ടശ്ശേരിൽ തിരുമേനിയുടെ ധിഷണാശേഷിയുമാണ് കേസ് നടത്തിപ്പിന്റെ അടിസ്ഥാനം.

1913-ൽ എഴുതിയ സ്വകാര്യ കല്പനയിലും "മദ്രാസിൽ നിന്നു വരുന്ന രാമചന്ദ്രൻ വക്കീലിനു തന്നെ 1200 രൂപ കൊടുക്കണം. വേറെ പല ചെലവുകളും ഉണ്ട്" എന്നു പറയുന്നു. "ചെലവിനെക്കുറിച്ച് ആലോചിക്കുമ്പോൾ വളരെ വ്യസനിക്കുകയും ഞെരുങ്ങുകയും ചെയ്യുന്നു" എന്നും ഇതിൽ പറയുന്നു.

വട്ടശ്ശേരിൽ തിരുമേനി 1931 സെപ്റ്റംബർ 3-ന് ബഥനിയിലെ ഫാ. അലക്സിയോസിന് എഴുതിയ സ്വകാര്യ കല്പനയിൽ പറയുന്നു: "സഭയെയും സഭയോടുള്ള നമ്മുടെ ഡ്യൂട്ടിയേയും ഓർത്ത് ഗത്യന്തരമില്ലാതെ തീർന്നതിനാൽ കേസുകൾ നടത്തേണ്ടി വന്നതാണ്. കഴിവുള്ളപക്ഷം നിങ്ങളും കേസുകളിൽ നിന്നും ഒഴിഞ്ഞിരിക്കയാണ് നല്ലതെന്നു നമുക്കറിയാം." വട്ടശ്ശേരിൽ തിരുമേനി 1934 ഫെബ്രുവരിയിൽ (1109 കുംഭം 11) പഴയസെമിനാരിയിൽ നിന്നും എഴുതിയ അന്ത്യസന്ദേശത്തിൽ വഴക്കും കോടതി വ്യവഹാരങ്ങളും അവസാനിപ്പിച്ച് സമാധാനം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിവരിക്കുന്നു: "ചെറിയ ആട്ടിൻകൂട്ടമാകുന്ന നമ്മുടെ പാവപ്പെട്ട സഭ ഛിന്നഭിന്നമായിത്തീരാതിരിക്കാനായി സകല വാശികളും വഴക്കുകളും ഉപേക്ഷിച്ചും സഭയുടെ യോജിപ്പിനായി യഥാർത്ഥമായ സ്വാർത്ഥ പരിത്യാഗത്തോടു കൂടി പ്രയത്നിക്കണമെന്ന് ... നമ്മുടെ അവസാനശ്വാസത്തോടു കൂടി നാം പ്രബോധിപ്പിച്ചുകൊള്ളുന്നു." അന്ത്യകല്പനയിൽ അദ്ദേഹം വീണ്ടും എഴുതിയത് ശ്രദ്ധേയമാണ്. "നമ്മുടെ എളിയ സഭയുടെ യോജിപ്പിനായി സകല വാദങ്ങളും വഴക്കുകളും മറന്നു പ്രവർത്തിപ്പാനുള്ള സൽബുദ്ധി നിങ്ങളിൽ നിലനിൽക്കണമെന്നും നമ്മുടെ സഭയിൽ നിന്നും പണ്ടേ പോയിട്ടുള്ള സഹോദര സമുദായാംഗങ്ങളുമായി യോജിപ്പുണ്ടാകണമെന്നും നമ്മുടെ ഹൃദയത്തിന്റെ അഗാധത്തിൽ വളരെക്കാലമായി വേരൂന്നിയിരുന്ന ആഗ്രഹം സഫലീഭവിപ്പിക്കണമെന്നും" ആഹ്വാനം ചെയ്യുന്നു.

വട്ടശ്ശേരിൽ തിരുമേനിയുടെ അപ്രകാശിതമായ വിശുദ്ധ ലിഖിതങ്ങൾ വെളിപ്പെടുത്തുന്നത് സഭാ സമാധാനത്തിനായി അദ്ദേഹം നടത്തിയ പരിശ്രമങ്ങളും ധീരമായ നടപടിക്രമങ്ങളുമാണ്. സഭയുടെ യോജിപ്പിനായി സകല വാദങ്ങളും വഴക്കുകളും മറക്കുവാനുള്ള സൽബുദ്ധി ഏവർക്കും ഉണ്ടാകുവാനായി അദ്ദേഹം ആഗ്രഹിച്ചു എന്ന് തിരിച്ചറിയുമ്പോൾ വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിത നൈർമ്മല്യവും ഭാസുരതേജസ്സും കൂടുതൽ പ്രകാശിതമാകുന്നു.

പ. വട്ടശ്ശേരിൽ തിരുമേനി സ്ത്രീ വിദ്യാഭ്യാസത്തിനായി 1922-ൽ എഴുതിയ 1044-ാം നമ്പർ കല്പന സ്ത്രീകളുടെ സമഗ്ര വളർച്ചയെ ലക്ഷ്യമാക്കിയുള്ളതാണ്. സമുദായത്തിന്റെ ഐശ്വര്യം അതിലെ സ്ത്രീജനങ്ങളെ ആശ്രയിച്ചിരിക്കും എന്നും സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകാത്ത കാലത്തോളം സമുദായത്തിന് ഐശ്വരാഭിവൃദ്ധി ഉണ്ടാകുന്നത് പ്രയാസമായിരിക്കും എന്നും അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു.

നിരവധി കുടുംബപ്രശ്നങ്ങൾക്ക് വട്ടശ്ശേരിൽ തിരുമേനി പരിഹാരങ്ങൾ നിർദ്ദേശിക്കുന്നു. കുടുംബകലഹവും വിവാഹമോചനവും അവിഹിതബന്ധങ്ങളും എല്ലാം അന്നത്തെ സമൂഹ ജീവിതത്തിന്റെ ഭാഗമായിരുന്നു. പരാതിയുമായി എത്തുന്നവരെ ഹൃദ്യമായി സ്വീകരിക്കുകയും ഉചിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന നിരവധി രേഖകൾ 1923-1926 ലെ ഡയറിയിലുണ്ട്. പരുമല സെമിനാരിയിൽ നിന്നും 1925-ൽ കല്ലൂപ്പാറ പള്ളിക്കാർക്ക് എഴുതിയ 296-ാം നമ്പർ കല്പനയിൽ "പുരുഷന്മാർ തങ്ങളുടെ സ്ത്രീജനങ്ങളെ ഈവിധം സങ്കടപ്പെടുത്തുന്നത് സഭാനിയമങ്ങൾക്കും സന്മാർഗ്ഗ നിയമങ്ങൾക്കും എതിരായിട്ടുള്ളതാകയാൽ സഭാംഗങ്ങളെ ഈവിധം തന്നിഷ്ടങ്ങൾക്കു വിട്ടുകൊടുക്കുന്നത് നടപ്പില്ലാത്തതിനാൽ ഇടവകക്കാർ ഇതിലേക്ക് പരിഹാരം ഉണ്ടാക്കി കൊടുക്കണം" എന്നു നിർദേശിക്കുന്നു.

ഇടവകകളിൽ പുരുഷന്മാർ സ്ത്രീകളെ സങ്കടപ്പെടുത്തുന്നതിന് പരിഹാരം ഉണ്ടാക്കി കൊടുക്കുവാൻ ഇടവകയോട് അഭ്യർത്ഥിക്കുന്ന കത്തുകളും ഉണ്ട്. വട്ടശ്ശേരിൽ തിരുമേനി 1926-ൽ പുതിയകാവ് പള്ളിക്കാർക്ക് തോനയ്ക്കാട്ടുള്ള ഒരു കുടുംബത്തിലെ വിവാഹ വേർപെടുത്തൽ സംബന്ധിച്ച് എഴുതിയത് ശ്രദ്ധേയമാണ്:

"പ്രിയരേ, നമ്മുടെ സഭാനിയമങ്ങൾ അനുസരിച്ച് വിവാഹം വേർപെടുത്തുവാൻ പാടില്ലാത്തതാണെന്ന് നാം പ്രത്യേകം പറയണമെന്നില്ലല്ലോ. അതിനാൽ നിങ്ങൾ പള്ളിക്കാർ പെണ്ണിനേയും പിതാവിനെയും വരുത്തി പറഞ്ഞു പെണ്ണിനെ ഭർത്താവിനോടു കൂടി അയപ്പാൻ തക്കവണ്ണവും കേസു രാജിപ്പെടുത്തി തീർക്കാൻ തക്കവണ്ണവും ഇരുകൂട്ടരെയും സാന്ത്വനിപ്പിച്ച് ഈ സാധുവിന്റെ സങ്കടത്തിന് നിവൃത്തിയുണ്ടാക്കി കൊടുക്കണം."

വിവാഹ വേർപെടുത്തൽ പ്രശ്നങ്ങൾ കോടതിയിലേക്ക് അയച്ച് തീർപ്പുകല്പിക്കുന്ന നടപടികളോട് വട്ടശ്ശേരിൽ തിരുമേനി പലപ്പോഴും യോജിച്ചിരുന്നില്ല. അതിന്റെ പ്രധാന കാരണം "കോടതിയുടെ യുക്തംപോലെ വിധിക്കുന്നതിനിടയാകും" എന്നതാണ്. എന്നാൽ അവ സഭാനിയമമനുസരിച്ച് നടപ്പാക്കാൻ തക്കവണ്ണം നിർബന്ധിക്കേണ്ടത് പള്ളിക്കാരുടെ ചുമതലയാണെന്ന്" ഓർമ്മിപ്പിക്കുന്നു. ഇലഞ്ഞിക്കൽ ജോൺ വക്കീലിന് 1916-ൽ ഒരു സ്വകാര്യ കത്തിൽ എഴുതി: "... ടി സ്ത്രീയുടെ അപേക്ഷ നിവർത്തിക്കേണ്ടതു ചുമതലയാണല്ലോ എന്നുള്ള വിചാരത്താൽ മാത്രം ഇതെഴുതുന്നതാണ്." കുടുംബപ്രശ്നങ്ങൾ പള്ളി സമിതികളിൽ ചർച്ച ചെയ്ത് നീതിപൂർവ്വം തീരുമാനം എടുക്കുവാനും പരസ്പരം ക്ഷമിച്ച് സ്നേഹിക്കുവാനുമുള്ള പ്രേരണയാണ് പങ്കിടുന്നത്. ഇത്തരത്തിലുള്ള എല്ലാ കുറിപ്പിലും സ്ത്രീപക്ഷ സമീപനം വട്ടശ്ശേരിൽ തിരുമേനി സ്വീകരിക്കുന്നു.

പ. വട്ടശ്ശേരിൽ തിരുമേനിയുടെ പഴയസെമിനാരിയിലെ ജീവിതം (1908-1934) തീവ്രമായ പീഡാനുഭവങ്ങളുടെ ചരിത്രമാണ്. വൈദിക വിദ്യാഭ്യാസത്തിനും ഇടയപരിപാലനത്തിനും കോടതി വ്യവഹാരങ്ങൾക്കും തുല്യപ്രാധാന്യം നൽകിയ അദ്ദേഹം 1919-ൽ (1095 തുലാം 27) കോട്ടയം സുറിയാനി സെമിനാരിയിൽ നിന്നും വൈദിക വിദ്യാഭ്യാസത്തിനായി പണപ്പിരിവിന് കല്പന എഴുതി. സഭയിലെ പ്രമുഖരായ വ്യക്തികൾക്ക് നേരിട്ട് കല്പന എത്തിച്ചിരുന്നു. "... താങ്കളുടെ ശക്തിക്കും ഭക്തിക്കും ചേരുന്നവിധത്തിലുള്ള ഒരു സംഖ്യ ഈ കല്പനയുംകൊണ്ട് വരുന്ന ആൾവശം ദയ തോന്നി അയച്ചുതരണമെന്നും" പറയുന്നു. ആ കല്പനയിൽ വിശദമായി അദ്ദേഹം എഴുതി: "പേരു വെളിപ്പെടുത്തുവാൻ മനസ്സില്ലാത്ത ഒരു സഹൃദയൻ 500 രൂപാ ഈയിടെ നമ്മെ ഏല്പിച്ചിട്ടുള്ളതു വൈദിക വിദ്യാഭ്യാസത്തിനു വേണ്ടി ഉപയോഗിക്കണമെന്നു നാം നിശ്ചയിച്ചിട്ടുള്ളതു കൂടാതെ 200, 150, 125 എന്നിങ്ങനെ ചില സംഖ്യകൾ വേറെ ചിലരും ഇതിലേക്ക് സംഭാവന ചെയ്തിട്ടുണ്ടെങ്കിലും 100 രൂപാ മുതൽ എത്രയും ചുരുങ്ങിയ സംഖ്യയോ ഒരു രൂപാ വരെ അവരവരുടെ ശക്തിക്കും ഭക്തിക്കും തക്കവണ്ണമുള്ള ഓരോ സംഖ്യ സംഭാവന തരണമെന്നു" ആവശ്യപ്പെടുന്നു. ഇപ്പോൾ ക്രമീകൃതമായ രീതിയിൽ സെമിനാരി ദിനപിരിവ് നടക്കുന്നതിന്റെ പ്രാരംഭം വട്ടശ്ശേരിൽ തിരുമേനിയിൽ തുടങ്ങി എന്ന പുതിയ ഒരു ചരിത്രബോധം ഇതു വഴി ലഭ്യമാകുന്നു.

സുവിശേഷ സംഘത്തിന്റെ ചുമതലയിൽ 'സുവിശേഷകൻ മാസിക' പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് 1910-ലും പുതിയനിയമ പരിഭാഷയെക്കുറിച്ച് 1922-ലും സന്യാസനിഷ്ഠകളിലും സുവിശേഷവേലകളിലും സുവിശേഷ പ്രചരണത്തിലും പെരുനാട് ബഥനി ആശ്രമം ചെയ്യേണ്ട കാര്യങ്ങൾ 1919-ലും വ്യക്തമായി വട്ടശ്ശേരിൽ തിരുമേനി കല്പന വഴി പ്രബോധിപ്പിക്കുന്നു.

സുറിയാനി ആരാധനക്രമങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ക്രമീകൃതമായ ശ്രമങ്ങൾ പരുമല തിരുമേനിയുടെ കാലം മുതൽ ആരംഭിച്ചിട്ടുള്ളതാണ്. ചെറുപ്രായത്തിൽ സുറിയാനി മല്പാനായി അറിയപ്പെട്ട വട്ടശ്ശേരിൽ തിരുമേനിക്ക് മലയാളത്തിൽ ആരാധനക്രമങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനോട് പ്രത്യേകമായി ആഭിമുഖ്യം ഉണ്ടായിരുന്നു. എന്നാൽ ഡീക്കൻ എം. പി. പത്രോസ് (പത്രോസ് മാർ ഒസ്താത്തിയോസ്) ആരുടെയും അനുവാദം കൂടാതെ തക്സാ അച്ചടിച്ചു വിറ്റു വരുന്നതിനെ കല്പനപ്രകാരം നിരോധിച്ചു. അദ്ദേഹം 1920-ൽ സഭയിലെ വൈദികർക്ക് "ആരുടെയും അനുവാദമോ പരിശോധനയോ കൂടാതെ സുറിയാനിയിൽ നിന്നും മലയാള ഭാഷയിൽ തർജ്ജമ ചെയ്ത് അച്ചടിപ്പിച്ച് പ്രചരിപ്പിക്കുന്ന പുസ്തകങ്ങൾ വാങ്ങി ഉപയോഗിക്കുകയോ, ഉപയോഗിക്കുവാൻ അനുവദിക്കുകയോ ചെയ്യരുതെന്ന്" ആഹ്വാനം ചെയ്ത് കോട്ടയം സെമിനാരിയിൽ നിന്നും കല്പന പുറപ്പെടുവിച്ചു.

കശ്ശീശന്മാർക്ക് ദൈവത്തിൽ നിന്നും കൃപയും വാഴ്വും വർദ്ധിക്കട്ടെ എന്നും, റമ്പാച്ചന് ബുർക്ക്സാ എന്നും, മെത്രാപ്പോലീത്താ അവർകൾക്ക് എന്നും, ബാവാ തിരുമനസ്സുകളെ എന്നും കല്പനകളിൽ പൊതുവായി അഭിസംബോധന ചെയ്തിരുന്നു. ഡയറിക്കുറിപ്പിലെ വിവരണങ്ങളിൽ യാത്രയുടെ ലിസ്റ്റ് സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. ഇടവകകളിൽ പള്ളിവക വരുമാനങ്ങൾ, പസാരം, നേർച്ചപ്പണം, കുഴിക്കാണം എന്നിവയിൽ വീഴ്ചകൾ വരുത്തുമ്പോഴും കുടുംബവഴക്കുകളും വിവാഹ വേർപെടുത്തലുകളും തർക്കങ്ങളും ഉണ്ടാകുമ്പോഴും വട്ടശ്ശേരിൽ തിരുമേനി ഇടപെട്ട് കല്പനകൾ എഴുതിയിരുന്നു. ചിലരെ നേരിട്ട് താമസിക്കുന്ന സ്ഥലങ്ങളിൽ വിളിപ്പിച്ച് ഉപദേശിക്കുകയും കല്പന എഴുതി കൊടുക്കുകയും ചെയ്തിട്ടുണ്ട്.

വട്ടശ്ശേരിൽ തിരുമേനിയുടെ യാത്രകൾ അധികവും വള്ളത്തിൽ ആയിരുന്നു. കര ഗതാഗത വാഹനസൗകര്യങ്ങൾ കുറവായിരുന്ന സാഹചര്യത്തിൽ

നദികൾ കേന്ദ്രീകരിച്ച് വള്ളത്തിൽ യാത്രചെയ്തിരുന്നു. അതിരാവിലെയോ രാത്രിയിലോ യാത്രചെയ്യുവാൻ ഇഷ്ടപ്പെട്ടിരുന്നതായി ഡയറി രേഖകൾ വിളിച്ചു പറയുന്നു. "വൈകിട്ട് അത്താഴമേശ കഴിഞ്ഞ് പരുമല സെമിനാരിയിൽ നിന്നും 1099 മേടം 22-ന് വള്ളം കയറി 24-ന് ഉച്ചയോടു കൂടി എറണാകുളത്ത് എത്തി" എന്നും 1100-ൽ "രാത്രി 10 മണിക്ക് പരുമല നിന്നും കോട്ടയത്തേക്കു വള്ളം കയറുകയും 14-ന് ഉച്ചതിരിഞ്ഞ് മാർ ഏലിയാ ചാപ്പലിൽ എത്തുകയും ചെയ്തു" എന്നും രേഖ ഉണ്ട്. കോട്ടയത്തു നിന്നും 1100 കന്നി 7-ന് രാത്രി പത്തു മണിക്ക് വള്ളം കയറുകയും 8-ന് 5 മണിക്ക് പരുമല സെമിനാരിയിൽ എത്തുകയും ചെയ്തു. തുടർച്ചയായി നദീമുഖത്തു സ്ഥിതിചെയ്തിരുന്ന പള്ളികൾ കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനങ്ങൾ വ്യാപിച്ചിരുന്നത്. എന്നാൽ മലങ്കരസഭയിലും എല്ലാ സ്ഥലങ്ങളിലും പള്ളികളിലും അദ്ദേഹത്തിന്റെ സാന്നിധ്യവും നേതൃത്വവും ഉണ്ടായിരുന്നു. വിവിധ പള്ളികളിൽ താമസിക്കുന്ന അവസരത്തിലും കല്പനകൾ എഴുതിയിട്ടുണ്ട്. എല്ലാ കല്പനകളിലും സ്ഥലവും പള്ളിയും തീയതിയും നമ്പരും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനും തനിമക്കുമായി അക്ഷീണം പ്രയത്നിച്ച പ. വട്ടശ്ശേരിൽ തിരുമേനിയുടെ സഹയാത്രികരായി വളരെ പ്രശസ്തരായ വൈദികരും അത്മായ പ്രമുഖരും അണിചേർന്നു. പഴയസെമിനാരി കേന്ദ്രീകരിച്ച് പ്രവർത്തിച്ച (1908-1934) കാലഘട്ടത്തിൽ പ. വട്ടശ്ശേരിൽ തിരുമേനിക്ക് ഒപ്പം നിന്ന പ്രമുഖരുടെ ദീർഘമായ രേഖകൾ ഡയറിക്കുറിപ്പുകളിൽ നിന്നും ലഭ്യമാണ്.

വൈദിക ട്രസ്റ്റി പാലപ്പള്ളിൽ മാണി പൗലൂസു കത്തനാർ, മല്പാൻ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാർ, പാറേട്ടു മാത്യൂസ് കത്തനാർ (മാത്യൂസ് മാർ ഈവാനിയോസ്), ചെറിയമഠത്തിൽ സി. ജെ. സ്കറിയാ മല്പാൻ, പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, ഫാ. പി. റ്റി. ഗീവർഗീസ്, വട്ടക്കുന്നേൽ കുര്യൻ കത്തനാർ, ഫാ. അലക്സിയോസ് (ബഥനി), ഫാ. ടി. വി. ജോൺ, എം. പി. പത്രോസു ശെമ്മാശൻ തുടങ്ങിയ വൈദികരുടെ ദീർഘമായ നിരയാണ് നേതൃത്വ രംഗത്തുണ്ടായിരുന്നത്. അത്മായ പ്രമുഖരായ എം. എ. ചാക്കോ സൂപ്രണ്ട്, ഇ. ജെ. ജോൺ വക്കീൽ, കെ. സി. മാമ്മൻ മാപ്പിള, കെ. സി. ഈപ്പൻ, എം. പി. വർക്കി, അഡ്വ. ഇ. ജെ. ഫീലിപ്പോസ്, കെ. എം. മാത്തുള്ള മാപ്പിള, എറികാട്ട് കല്ലറയ്ക്കൽ കുഞ്ചപ്പൻ, എറികാട്ടു കൊച്ചു കുഞ്ചപ്പൻ, ചുങ്കത്തു വറീതു ഇയ്യു (സി. വി. ഇയ്യു), എ. എം. വർക്കി, കെ. കെ. ലൂക്കോസ് വക്കീൽ, ഒ. എം. ചെറിയാൻ, പത്രാധിപർ ജേക്കബ് കുര്യൻ, തിരുവല്ലാ ചാലക്കുഴിയിൽ മാമ്മൻ പൗലൂസ്, സി. റ്റി. ഈപ്പൻ അടൂർ (പിന്നീട് വൈദികൻ), കെ. എം. മാമ്മൻ മാപ്പിള, പത്രോസു മത്തായി വക്കീൽ എന്നിവർ വട്ടശ്ശേരിൽ തിരുമേനിയുടെ മനസാക്ഷി സൂക്ഷിപ്പുകാരായിരുന്നു. മർത്തമറിയം സമാജം സ്ഥാപക കെ. എം. അന്നമ്മ, മിസ്സിസ്സ് പുന്നൻ ലൂക്കോസ് തുടങ്ങിയ വനിതാ നേതൃത്വവും ശ്രദ്ധേയമാണ്. വട്ടശ്ശേരിൽ തിരുമേനിയുടെ ആത്മീയ ഇടയ സഞ്ചാരപഥങ്ങളിൽ നേതൃത്വനിരയിലെത്തിയ വൈദിക-അത്മായ-വനിതാ പ്രമുഖരുടെ ജീവിതവും സാക്ഷ്യവും ഗവേഷണം ചെയ്ത് കണ്ടെത്തി ജോയ്സ് തോട്ടയ്ക്കാട് ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നു. മലങ്കരയിലെ പ്രധാന പള്ളികളെക്കുറിച്ചുള്ള വിവരണങ്ങളും സംഭവങ്ങളും പ്രാദേശിക ചരിത്ര രചനയ്ക്ക് വഴിയും വെളിച്ചവും പകരുന്നു.

സഭാചരിത്ര രേഖകൾ സമാഹരിക്കുന്നതിൽ അതീവ വ്യുൽപ്പത്തിയുള്ള പ്രിയ ജോയ്സ് തോട്ടയ്ക്കാട്, മലങ്കരസഭാ സംബന്ധമായ രേഖകളും ഗ്രന്ഥങ്ങളും ഓഫീസിലും വീട്ടിലും സ്വന്തം കമ്പ്യൂട്ടറിലും ഓൺലൈനിലുമായി സമാഹരിച്ച് സൂക്ഷിച്ചിരിക്കുന്നു. സ്വന്തം ആർക്കൈവ്സിലെ അമൂല്യ വിവരങ്ങൾ ഈ ഗ്രന്ഥത്തിലൂടെ അദ്ദേഹം പങ്കിടുന്നു. ഈ ഗ്രന്ഥം പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ ജീവിതവും സാക്ഷ്യവും ദർശനവും തിരിച്ചറിയുവാൻ സഹായിക്കുന്നു. മലങ്കരസഭാ ചരിത്രത്തിൽ വിസ്മൃതമായ സംഭവങ്ങളുടെയും വിവരണങ്ങളുടെയും ചുരുളഴിക്കാൻ ഇതിലെ രേഖകൾ സഹായകരമാകുന്നു. പ. വട്ടശ്ശേരിൽ തിരുമേനിയുടെ തൊണ്ണൂറാം ചരമവാർഷികത്തിൽ അദ്ദേഹത്തിനും അദ്ദേഹത്തോടൊപ്പം നിന്ന വൈദിക-അൽമായ നിരയ്ക്കും സമർപ്പിക്കുന്ന പ്രണാമമാണ് ഈ ഗ്രന്ഥമെന്ന് ജോയ്സ് പറയുന്നു. പ. വട്ടശ്ശേരിൽ തിരുമേനിയുടെ ഡയറിക്കുറിപ്പുകളും കത്തുകളും സമ്പൂർണ്ണമായി സമാഹരിക്കുവാൻ പദ്ധതിയിട്ടിരിക്കുന്ന ജോയ്സ് തോട്ടയ്ക്കാടിന്റെ ചരിത്രാന്വേഷണ വഴികൾക്ക് സർവ്വവിധ നന്മകളും ആശംസിക്കുന്നു. ❑



എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും M.Sc. അപ്ലൈഡ് മൈക്രോ ബൈയോളജിയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ മെൽന മറിയം ജോർജ് ആലുംമൂട്ടിൽ. തോട്ടയ്ക്കാട് മാർ അപ്രേം ഇടവകാംഗമാണ്.



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് M.Sc. (Applied Microbiology) അഞ്ചാം റാങ്ക് കരസ്ഥമാക്കിയ നെൽറ്റ മറിയം വർഗീസ്. നിരണം ഭദ്രാസനത്തിലെ വളഞ്ഞവട്ടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

മലങ്കരസഭയിലെ ശ്രേഷ്ഠരായ അൽമായ നേതാക്കൾ




മനുഷ്യരൂപം കൈക്കൊണ്ട പൗരുഷം

ഡോ. സിബി തരകൻ

മലങ്കര ഓർത്തഡോക്സ് സഭ ഇന്നൊരു സ്വതന്ത്ര ക്രൈസ്തവ സഭയാണ്. അതിന്റെ സ്വാതന്ത്ര്യം അക്ഷീണമായ ആലോചനയാലും സുധീരമായ കർമ്മപദ്ധതിയാലും നേടിയെടുത്ത ഒരു കൂട്ടം നേതാക്കന്മാരെ നമ്മൾ മറന്നുകളഞ്ഞിട്ട് ഏറെ നാളായി. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് സംസിദ്ധമായ സ്വാതന്ത്ര്യം ഈ നേതാക്കന്മാരുടെ പ്രവർത്തനഫലമാണ് എന്നുള്ള സത്യം ഇന്ന്, ചില ചരിത്രപുസ്തകങ്ങളിലും പഴകിപ്പൊടിഞ്ഞു തുടങ്ങിയ ചില പത്രമാസികകളിലുമായി ഒളിഞ്ഞുകിടക്കുന്നു. സഭ അതിന്റെ ആത്മീയ നേതാക്കന്മാരെ യഥാകാലം ഓർമ്മിക്കാറുണ്ടെങ്കിലും, അവരുടെ ചിന്തകളെയും പ്രവൃത്തികളെയും സുദൃഢമായി സ്വാധീനിച്ച–എന്നുതന്നെയല്ല നിയന്ത്രിക്കുക തന്നെ ചെയ്ത ഈ അത്മായ നേതാക്കന്മാരെ ഓർമ്മിക്കാതിരിക്കുക എന്നത് ഒരു നിർബന്ധമോ എന്നു തോന്നത്തക്കവിധത്തിൽ ആ അവഗണന ഇന്ന് വളർന്ന് വലുതായിരിക്കുന്നതായും നമ്മൾ കാണുന്നു. ചരിത്രം വിസ്മരിക്കപ്പെട്ടാൽ സഭയുടെ അസ്തിത്വം ചോദ്യം ചെയ്യപ്പെടും എന്നത് നാം മറന്നുകൂടാ. **ഒരു കാലഘട്ടത്തിൽ സഭയ്ക്ക് കാവലും തൂണും ആയിരുന്ന ഈ നേതാക്കന്മാർ ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്.** ആരൊക്കെയാണ് ചരിത്രാംശങ്ങളായിത്തീർന്ന, അതുകൊണ്ടുതന്നെ വിസ്മരിക്കപ്പെട്ടുപോയ ആ മഹാരഥന്മാർ? ഒരു പശ്ചാത്താപബോധത്തോടുകൂടിത്തന്നെ ഇതിന് മറുപടി പറയട്ടെ; **ഇ. ജെ. ജോൺ വക്കീൽ, കെ. സി. മാമ്മൻമാപ്പിള, റാവുസാഹിബ് ഒ. എം. ചെറിയാൻ, എ. എം. വർക്കി, എം. എ. ചാക്കോ എന്നിവരായിരുന്നു ഓർത്താൽ നമ്മെ ഞെട്ടിപ്പിക്കുന്നതരത്തിൽ നേതൃത്വവീര്യവും ധീരതയും പ്രകടിപ്പിച്ച ആ മഹാത്മാക്കൾ**. ഇവരിൽ ആരാണ് മുമ്പൻ എന്ന ചിന്ത പ്രസക്തമല്ലതന്നെ; പ്രസക്തമായത് ഇവർ സഭാജീവിതത്തെ എപ്രകാരം കർമ്മോജ്ജ്വലമാക്കി എന്നുള്ളതാണ്. ഇവരുടെ ജീവചരിത്രം സഭാചരിത്രത്തിന്റെ ഭാഗമാണ്; സഭയുടെ ആധുനിക ചരിത്രം ഇവരുടെ ജീവിതത്തിന്റെ ഭാഗവുമാണ്. മലങ്കര ഓർത്തഡോക്സ് സഭയുടെ നവീനകാല ചരിത്രം – അതിന്റെ സ്വാതന്ത്ര്യത്തിന്റെ ചരിത്രം – ഈ പഞ്ചപാണ്ഡവരുടെ വീരചരിത്രത്തിന്റെ ഇഴതിരിയാത്ത സൗന്ദര്യമാണ്. ആ സൗന്ദര്യത്തെ ഇഴതിരിച്ച് കാട്ടുന്നതോ, ഒരിഴ പൊട്ടിച്ച് പ്രദർശനത്തിനു വയ്ക്കുന്നതോ അനൗചിത്യമായിരിക്കും. അനൗചിത്യം രസഭംഗത്തിനു കാരണമാകുമെന്ന് പുരാതനാചാര്യൻ പറയുന്നു. ആചാര്യവചനത്തെ അംഗീകരിച്ചുകൊണ്ടുതന്നെ ഇഴപൊട്ടിക്കൽ എന്ന മഹാപരാധത്തിന് (ഉദ്ദേശ്യശുദ്ധിക്ക് മാപ്പുനൽകുക) ഈ ലേഖകൻ ശ്രമിക്കുകയാണ്.


റാവുസാഹിബ് ഒ. എം. ചെറിയാൻ മനുഷ്യരൂപം കൈക്കൊണ്ട പൗരുഷമായിരുന്നു. വാക്കിലും നോക്കിലും ചലനത്തിലും പൗരുഷം പ്രസരിപ്പിച്ച ആ മനുഷ്യൻ പാണ്ഡവന്മാരിൽ വച്ച് അർജ്ജുനനായിരുന്നു. ആ അർജ്ജുന തേജസ്വി സഭയ്ക്കുവേണ്ടി ചെയ്തു കൂട്ടിയ കാര്യങ്ങൾ മുഴുവൻ വിശദീകരിക്കുക ഇത്തരമൊരു ചെറിയ ലേഖനത്തിന്റെ ഉദ്ദേശ്യമല്ല. ആ മഹായജ്ഞങ്ങൾ ഏതാനും കടലാസുകളിൽ ഒതുങ്ങുന്നതുമല്ല. അതുകൊണ്ട് ഒരു ദിങ്മാത്ര ദർശനം മാത്രമാണ് നമുക്കിപ്പോൾ സാധിക്കുക. ഒ. എം. ചെറിയാന്റെ ജീവിതത്തിന്റെ പൂർവ്വാർദ്ധവും ഉത്തരാർദ്ധവും സഭയുടെ പ്രവർത്തനങ്ങളോട് എപ്രകാരം പ്രതികരിച്ചു എന്നുള്ളതിന് ഓരോ ഉദാഹരണം കാണിക്കുക മാത്രമേ ഈ ലേഖനത്തിൽ ചെയ്യുന്നുള്ളു.

'മലങ്കര സുറിയാനി മഹാജനസഭ'യുടെ രണ്ടാമത്തെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത ഒ. എം. ചെറിയാനെ നമുക്ക് പരിചയപ്പെടാം. 'സഭ'യുടെ ഒന്നാമതു വാർഷിക സമ്മേളനം 1081 മേടം 21–ന് (1906 ഏപ്രിൽ) തുമ്പമൺ മാർ ഗ്രിഗോറിയോസ് സ്കൂളിൽ വെച്ചാണ് നടന്നത്. 'മലങ്കര സുറിയാനി സാമൂഹ്യ സമ്മേളനം' എന്ന നാമധേയത്തിലായിരുന്നു അതുവരെയും മേൽപ്പറഞ്ഞ പ്രസ്ഥാനം പ്രവർത്തിച്ചുകൊണ്ടിരുന്നത്. കന്നുകുഴിയിൽ കുരുവിള എൻജിനീയറും (കെ. കെ. കുരുവിള), ഒ. എം. ചെറിയാനും പങ്കെടുത്തതുകൊണ്ടുതന്നെ സഭയുടെ രണ്ടാമതു വാർഷിക സമ്മേളനം ശ്രദ്ധേയമായിത്തീർന്നു. 1082 ഇടവം 1 (1907 മെയ് 14) ന് പഴയ സെമിനാരിയിൽ കൂടിയ ആ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ കുരുവിള എൻജിനീയറായിരുന്നു. 'സുറിയാനി



സമുദായൈക്യബോധത്തെ സൃഷ്ടിക്കുന്നതിന് ഉപകരിച്ച 'കാതോലിക്കേറ്റ് നിധി' ശേഖരണത്തിന്റെ ഉപജ്ഞാതാവായ ഒ. എം. ചെറിയാൻ എന്ന മഹാമേരുവിനെ അദ്ദേഹത്തിന്റെ ജീവിതവും സംഭാവനകളും ഗവേഷണം ചെയ്ത് ഡോക്ടറേറ്റ് നേടിയ ഡോ. സിബി തരകൻ 150–ാം ജന്മവാർഷികത്തിൽ അനുസ്മരിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



ഇ. ജെ. ജോൺ വക്കീൽ, കെ. സി. മാമ്മൻമാപ്പിള, റാവുസാഹിബ് ഒ. എം. ചെറിയാൻ, എം. എ. ചാക്കോ, എ. എം. വർക്കി

സമുദായത്തിന്റെ തൽക്കാലാവസ്ഥയെ സംബന്ധിച്ച ചില വിമർശനങ്ങൾ' എന്ന വിഷയം പുരസ്കരിച്ച് ഒ. എം. ചെറിയാൻ ആ സമ്മേളനത്തിൽ പ്രസംഗിച്ചു. "മലയാള ഭാഷാ വിദഗ്ദ്ധനും സൂക്ഷ്മദർശിയുമായ ചെറിയാന്റെ പ്രസംഗം വാചകസൗഷ്ടവംകൊണ്ടും കാര്യസാര പ്രകടനംകൊണ്ടും സവിശേഷം ശ്രവണീയവും സരസ്സവുമായിരുന്നതിനാൽ ശ്രോതാക്കളെ എല്ലാം ഒരുപോലെ അപഹൃദചിത്തരാക്കിത്തീർത്തു" എന്നാണ് മലയാള മനോരമ ആ പ്രഭാഷണത്തെ വിലയിരുത്തിയത്. ഈ വിലയിരുത്തലിൽ 'വാചകസൗഷ്ടവം' 'കാര്യസാര പ്രകടനം' എന്നീ ഘടകങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ടെങ്കിലും മറ്റു ചില കാരണങ്ങൾ കൊണ്ടാണ് ആ പ്രസംഗം സഭയുടെ ചരിത്രത്തിൽ സ്ഥാനമുള്ളതായിത്തീരുന്നത്. ആ പ്രസംഗം ഒരേ സമയം ഭൂതകാലത്തിന്റെ വിമർശനവും വർത്തമാനത്തിന്റെ വിശകലനവും ഭാവിയിലേയ്ക്കുള്ള വിരൽചൂണ്ടലുമായിരുന്നു. നാല് ആശയങ്ങളാണ് ആ പ്രസംഗത്തിൽ പ്രധാനമായി ഉണ്ടായിരുന്നത്.

1. 'സുറിയാനി സമുദായം വകയായി തിരുവിതാംകൂറിലുള്ള എല്ലാ പള്ളിക്കൂടങ്ങളേയും ഏകശരീരാവയവങ്ങളാക്കുന്നതിന് ഒരു കമ്പാരറ്റീവ് പരീക്ഷ ഉണ്ടാകണം.'

2. 'സുറിയാനി സമുദായ യുവാക്കന്മാരെ ഉയർന്നതരം വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി ഇംഗ്ലണ്ടിൽ അയയ്ക്കുന്നതിനായി ഒരു പൊതുധനം ഉണ്ടാവണം. സ്കോളർഷിപ്പു ധനം വാങ്ങുന്ന ആളുകളിൽനിന്ന് അവരുടെ ശമ്പളത്തുകയുടെ ഒരു അംശമോ ഇൻഷുറൻസു ധനാംശമോ മടക്കിവാങ്ങി പൊതുധനത്തെ ശാശ്വതീകരിക്കണം.'

3. 'സ്ത്രീവിദ്യാഭ്യാസ വർദ്ധനത്തിനു കന്യകാ മഠങ്ങളുടെ പ്രവൃത്തി നല്ലതാണെങ്കിൽ ആ പ്രവൃത്തിമാർഗ്ഗത്തെ സ്വീകരിക്കണം. റോമാസമുദായം ഈ മലയാളരാജ്യത്തിൽ നടത്തിപ്പോരുന്ന കന്യകാമഠങ്ങളുടെ സൽഫലത്തെ ആലോചിക്കുന്നതായാൽ ഈ പ്രവൃത്തിമാർഗ്ഗം സ്വീകാര്യമാണെന്നു തോന്നും.'

4. 'സമുദായത്തിന്റെ ജീവനായിരിക്കുന്ന ദൈവഭക്തിയെ വർദ്ധിപ്പിക്കേണ്ടതിന് പരിശ്രമം അത്യാവശ്യമായി ചെയ്യപ്പെടണം. ദൈവഭക്തി വർദ്ധനത്തിന് ഒരു പ്രത്യക്ഷ ആധാരമായിരുന്ന മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ (പരുമല തിരുമേനി) തിരുമനസ്സിലെ തിരോധാനം സ്മരിക്കുന്നതായാൽ ദൈവഭക്തി വർദ്ധന വിഷയമായി വല്ലതും ചെയ്യേണ്ടതാണെന്ന് നാം പ്രബലമായി ആലോചിക്കും. ദൈവഭക്തി വർദ്ധനത്തിന് ആവശ്യമായ മാർഗ്ഗം വൈദിക വിദ്യാഭ്യാസം ശരിയായി നടത്തുന്നതാണെന്നല്ലാതെ മനുഷ്യബുദ്ധിക്കു തോന്നാവുന്നതല്ല.'

സമുദായത്തിന്റെ വളർച്ച സമുദായാംഗങ്ങളുടെ സാംസ്കാരികമായ വളർച്ചയാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ആശയങ്ങളുടെ ലോകത്തെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു എന്നത് ശരി തന്നെ. ആ ആശയങ്ങളെ കർമ്മമായി രൂപാന്തരപ്പെടുത്താനുള്ള പ്രായോഗികബുദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു എന്നുള്ളത് മറ്റ് സ്വപ്നജീവികളിൽ നിന്ന് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. അദ്ദേഹം ഒരേസമയം തന്നെ നക്ഷത്രപഥങ്ങൾ അന്വേഷിച്ച് പറന്നുയരുന്നവനും യാഥാർത്ഥ്യങ്ങൾ അന്വേഷിച്ച് കാൽനടയായി ഭൂമിയിൽ യാത്ര ചെയ്യുന്നവനുമായിരുന്നു. അത്തരത്തിലുള്ള ഒരാൾക്കല്ലാതെ മേൽപ്പറഞ്ഞ ആശയങ്ങളെ പ്രസംഗരൂപത്തിൽ അവതരിപ്പിക്കുക സാദ്ധ്യമല്ല. ആ പ്രസംഗം ഇക്കാലത്തു നടക്കുന്ന പതിനായിരക്കണക്കിനു പ്രസംഗങ്ങളെപ്പോലെ കാറ്റിൽ പറന്ന് ഇല്ലാതാവുകയല്ല ഉണ്ടായത്. അതേ സമ്മേളനം തന്നെ അനുകൂലമായ ചില തീരുമാനങ്ങൾ കൈക്കൊണ്ട് ആ പ്രസംഗത്തെ ആദരിച്ചു. സമുദായം വകയായി എല്ലാ വിദ്യാലയങ്ങളിലും ശിക്ഷാക്രമത്തിന് ഐകരൂപ്യം വരുത്തുന്നതിനും പരീക്ഷകൾ നടത്തുന്നതിനും മറ്റുമായി ഇ. എം. പീലിപ്പോസ് രജിസ്ട്രാറായുള്ള ഒരു കമ്മിറ്റിയെ ആ യോഗം തെരഞ്ഞെടുത്തു എന്നുള്ളത് ഒ. എം. ചെറിയാന്റെ ആശയങ്ങളുടെ പ്രായോഗികതയെ വ്യക്തമാക്കുന്നു.

ഒ. എം. ചെറിയാന്റെ ജീവിതത്തിന്റെ ഉത്തരാർദ്ധം സഭയുടെ പ്രവർത്തനങ്ങളോട് ഏറ്റവും ശക്തമായി പ്രതികരിച്ചതിന് ഒരു ഉദാഹരണം കാണിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളാം.

ഒ. എം. ചെറിയാന്റെ ജീവിതത്തെ മലങ്കര ഓർത്തഡോക്സ് സഭയുമായി ബന്ധിപ്പിച്ചുകൊണ്ട് പൂർവ്വാനുഭവങ്ങളെ ഓർമ്മിക്കാൻ ശ്രമിക്കുന്ന പഴയ ആളുകൾ ആദ്യം ഓർക്കുന്നത് 'കാതോലിക്കേറ്റ് നിധി' ഉണ്ടാക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന പങ്കിനെ സംബന്ധിച്ചാണ്. സമുദായത്തിന്റെ ആവശ്യത്തിന് ധനശേഖരണം നടത്തുന്നത് സംബന്ധിച്ച പ്രമേയം 1934 ഡിസംബർ മാസത്തിൽ നടന്ന 'മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷനിൽ' കെ. സി. മാമ്മൻമാപ്പിള അവതരിപ്പിച്ചു. ഒ. എം. ചെറിയാൻ ഈ പ്രമേയത്തെ അനുകൂലിച്ച് പ്രസംഗിച്ചു. "പ്രതിമാസം പണമായി വരവുള്ള സമുദായാംഗങ്ങളോട് കഴിയുന്നതും വലിയ സംഖ്യകൾ പിരിക്കുന്നതിന്" എ. എം. വർക്കി, കെ. സി. മാമ്മൻമാപ്പിള എന്നിവരെയാണ് അസോസ്യേഷൻ ചുമതലപ്പെടുത്തിയത്. പ്രതിമാസ ശമ്പളക്കാരായ സുറിയാനി ക്രിസ്ത്യാനികൾ അക്കാലത്ത് എത്രയോ കുറവായിരുന്നു! പ്രതിമാസ ശമ്പളക്കാരെ ഒഴിച്ചുനിറുത്തുമ്പോൾ പ്രത്യക്ഷമാവുന്ന പതിനായിരക്കണക്കിന് ആളുകളിൽ നിന്ന് പണം പിരിക്കുക എന്ന ശ്രമസാദ്ധ്യമായ കൃത്യമാണ് അസോസ്യേഷൻ ഒ. എം. ചെറിയാനെ ഏൽപ്പിച്ചത്. അദ്ദേഹം അത് ഫലപ്രദമായി ചെയ്തുതീർത്തു എന്നല്ല, ആരിലും അസൂയ ജനിപ്പിക്കുന്നതരത്തിൽ അത്ഭുതകരമായ നേതൃത്വശക്തിയോടെ അതു ചെയ്തുതീർത്തു. മലങ്കരയിലെ ഒന്നാമത്തെ പൗരസ്ത്യ കാതോലിക്കായുടെ ഓർമ്മദിവസമായ മേടം 20-ന് (1110 മേടം 20) രാവിലെ എട്ടു മണി മുതൽ വൈകിട്ട് നാലു മണി വരെയുള്ള പരിശ്രമം കൊണ്ട്, മലങ്കര സമുദായം അഭിവൃദ്ധിക്കുള്ള ആധാരം പ്രതിഷ്ഠിക്കണം എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. ഒന്നാം ലോകമഹായുദ്ധകാലത്ത് റിക്രൂട്ടിങ് ഓഫീസറായി പ്രവർത്തിച്ചപ്പോൾ കാട്ടിയ കർമ്മശേഷി അദ്ദേഹം ഒരിക്കൽക്കൂടി പ്രദർശിപ്പിച്ചത് ഈ സന്ദർഭത്തിലായിരുന്നു. അദ്ദേഹം ഒന്നിനു പിറകെ ഒന്നായി ജനഹൃദയങ്ങളിൽ ആവേശം വിതറിക്കൊണ്ട്, വിജ്ഞാപനങ്ങളും ലഘുലേഖകളും എഴുതി പ്രസിദ്ധപ്പെടുത്തി. 1935 ജനുവരി മൂന്നാംതീയതി പ്രഭാതത്തിൽ 'മലയാള മനോരമ' അത്തരത്തിലുള്ള ഒന്നാമത്തെ വിജ്ഞാപനവും വഹിച്ചുകൊണ്ടാണ് വായനക്കാരുടെ മുന്നിലെത്തിയത്. ഒ. എം. ചെറിയാൻ ഇപ്രകാരം എഴുതി: "സുറിയാനി രക്തം സിരകളിൽ ഓടുന്നവരും, സുറിയാനിപ്പെണ്ണുങ്ങളുടെ മുലപ്പാലിന്റെ രുചി അറിഞ്ഞവരുമായ സകലന്മാരും വിപുലമായ ഈ

ധനസമ്പാദന പരിശ്രമത്തിൽ പങ്കെടുക്കേണ്ടവരാകുന്നു. തോൾ കൊടുക്കാത്തവൻ ഭാരം അറിയുകയില്ല. ഭാരം അറിഞ്ഞവൻ തോൾ കൊടുക്കും. സമ്പാദിക്കേണ്ട ധനത്തിന്റെ അളവിനെയും സംബന്ധിക്കേണ്ട ആളുകളുടെ എണ്ണം നിമിത്തം ധരിക്കാവുന്ന ശ്വാസബലത്തെയും മുൻനിറുത്തി ആലോചിച്ചാൽ ഈ കാതോലിക്കേറ്റു നിധിയിലേക്കു കാശെങ്കിലും കൊടുക്കാതെ, ഒരു ഗൃഹമോ ആളോ മലങ്കരയിൽ ശേഷിച്ചുകൂടാത്തതാകുന്നു. മലങ്കരത്താമസക്കാർ എന്ന പദംകൊണ്ട് ഇവിടെ നിർദ്ദേശിക്കുന്നത് ഭാരതത്തിലോ ഇതര ഭൂവിഭാഗത്തിലോ, സൂര്യനു കീഴിൽ എവിടെയും നസ്രാണി എന്ന ചുണയോടുകൂടി താമസിക്കുന്ന സകലരേയും അത്രെ...."

യുവജനങ്ങളെ അദ്ദേഹം ഇപ്രകാരം ആഹ്വാനം ചെയ്തു. "യുവജനങ്ങൾ തീ പിടിച്ചു നിൽക്കണം. ഈ പ്രസ്ഥാനത്തിന്റെ വിജയത്തിന്റെ ജീവനാഡിയായി ഞാൻ ആശ്രയിക്കുന്നത്, ദൈവം കഴിഞ്ഞ് യുവജനങ്ങളെയാണ്....."

"... രാവിലെ നിർദ്ധനമായിരുന്ന സുറിയാനി സമുദായം വൈകുന്നേരം സധനമാകണം എന്നുള്ള പ്രത്യാശ പരിഹാസകാരണമായി പലർക്കും തോന്നാവുന്നതാണ്. എന്നാൽ ആ പരിഹാസത്തെ വഹിച്ചുകൊള്ളാമെന്ന് അഞ്ചുലക്ഷം ആളുകൾ അടങ്ങിയ സുറിയാനി സമുദായത്തിൽ ചുണയും ദൈവാശ്രയവും ഉള്ള ആയിരം ആണുങ്ങൾ ഉണ്ടാകുമെങ്കിൽ പരിഹസിക്കുന്നവരെത്തന്നെ പരിഹാസം തിരിഞ്ഞുകടിച്ചുകൊള്ളും. വിയർക്കാത്തവൻ രുചി അറിയുകയില്ല. മുള്ളുകൊള്ളുവാൻ മടിക്കുന്നവൻ പൂ പറിക്കുകയില്ല."

ഇത്തരത്തിലുള്ള വിജ്ഞാപനങ്ങൾ മുഖേന മാത്രമല്ല, നൂറുകണക്കിന് പ്രഭാഷണങ്ങൾ വഴിയായും 'കാതോലിക്കേറ്റു നിധി' എന്ന ആശയം അദ്ദേഹം സുറിയാനി ക്രിസ്ത്യാനികളുടെ ആലോചനകളുടെയും സംഭാഷണങ്ങളുടെയും പ്രധാന വിഷയമാക്കിത്തീർത്തു. കുന്നംകുളം മുതൽ തിരുവിതാംകോടു വരെയുള്ള നസ്രാണികേന്ദ്രങ്ങളിലെല്ലാം ഒ. എം. ചെറിയാൻ സഭയ്ക്കുവേണ്ടി തന്റെ നാവിന്റെ അജയ്യമായ ശക്തി പ്രയോജനപ്പെടുത്തി. അതിന്റെ ഫലം അത്ഭുതകരമായിരുന്നു. അനേകമാളുകൾ നിധി സംഭരണത്തിൽ തങ്ങളുടെ പിന്തുണയും സഹായവും ഒ. എം. ചെറിയാന് വാഗ്ദാനം ചെയ്തു. "... യുവജനങ്ങളുടെയിടയിൽ നാണം വാരിയെറിയുന്ന മി. ചെറിയാന്റെ പ്രസ്താവനകൾ സുറിയാനി രക്തം സിരകളിൽക്കൂടി ഒഴുകുന്ന ഏതൊരുവനെയാണ് ഉത്സാഹിപ്പിക്കാതിരുന്നത്" എന്നും "ഈ നിധി സംബന്ധിച്ച് എന്തും ചെയ്‌വാനുള്ള സന്നദ്ധതയോടുകൂടിയവരും, പ്രാപ്തിയും ഉത്സാഹവും ഉള്ളവരും ആയ 50-ൽ കുറയാതെ വാളണ്ടിയർമാരെ മി. ചെറിയാൻ ആവശ്യപ്പെടുന്ന സമയത്ത് ഇവിടെ നിന്ന് യാതൊരു പ്രയാസവും കൂടാതെ കിട്ടുന്നതാണ്" എന്നും മറ്റുമുള്ള നിരവധി അനുകൂല പ്രതികരണങ്ങൾ അദ്ദേഹത്തിന്റെ ഉത്സാഹത്തെ പതിന്മടങ്ങ് വർദ്ധിപ്പിച്ചു. പ്രസംഗങ്ങൾക്കായി മാത്രമല്ല, പള്ളികളിലുണ്ടായ ഭിന്നതകൾ തീർക്കാനും അദ്ദേഹത്തിന് നിരവധി യാത്രകൾ ചെയ്യേണ്ടിവന്നു. നിധിപിരിവ് വലിയ ഒരു ഉത്സവമാക്കാൻ എന്തെല്ലാം വേണമോ, അതെല്ലാം ചെയ്യുന്നതിൽ അദ്ദേഹം അങ്ങേയറ്റം തല്പരനായി. 'കാതോലിക്കേറ്റുനിധി' എന്ന പേരിൽ ഒരു വഞ്ചിപ്പാട്ടുതന്നെ അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു.

ആ വഞ്ചിപ്പാട്ട് ഓരോ നസ്രാണികേന്ദ്രങ്ങളിലും അത്യുച്ചത്തിൽ മുഴങ്ങി. നിധിപ്പിരിവ് ജനങ്ങൾക്ക് ഒരു ഉത്സവമായി. മലങ്കരസഭ അതിനുമുമ്പ് മറ്റൊന്നിനുവേണ്ടിയും ഇത്രമാത്രം ആവേശം കൊണ്ടതായി കാണുന്നില്ല. 'മലങ്കര സമുദായത്തിൽ പണ്ടൊരിക്കലും ഉണ്ടായിട്ടില്ലാത്തതുപോലെ വിസ്താരമായ നിധിസംഭരണം ഈ മേടമാസം 20-ന് വെള്ളിയാഴ്ച നടക്കത്തക്കവണ്ണം, പ്രചരണ കർമ്മങ്ങളും അവസാന ചടങ്ങുകളും ഊർജ്ജിതമായി നടന്നുവരുന്നു. ഓർതോദുക്സോ സുറിയാനി സമുദായത്തിൽപ്പെട്ട വൃദ്ധന്മാർക്കും ബാലന്മാർക്കും സ്ത്രീകൾക്കും സർവ്വർക്കും സംഭാഷണവിഷയം ഇതുതന്നെ. മലങ്കരയുള്ള സർവ്വന്മാരും നിധി, നിധി, നിധി എന്ന ആ ചിന്തയിൽ വ്യാപൃതന്മാരായിരിക്കുന്നു' എന്ന പത്രറിപ്പോർട്ട് ജനങ്ങളിൽ അനുഭവപ്പെട്ട ആവേശത്തിമിർപ്പിന്റെ ഒരംശം മാത്രമായിരിക്കാം.

1110 മേടം 20-ന് രാവിലെ ഏഴു മണി മുതൽ വൈകിട്ട് നാലു മണി വരെയുള്ള ഒൻപതു മണിക്കൂർ സമയത്തെ പരിശ്രമം കൊണ്ട് 'കാതോലിക്കാ സിംഹാസന വ്യവസ്ഥാപിത നിധി'യിലേക്ക് പതിനെണ്ണായിരത്തോളം രൂപ സഭാംഗങ്ങളിൽ നിന്ന് പിരിച്ചുണ്ടാക്കുക എന്ന അത്ഭുതം യാഥാർത്ഥ്യമായത് ഒ. എം. ചെറിയാൻ നേതൃസ്ഥാനത്തുണ്ടായിരുന്നതുകൊണ്ടു മാത്രമാണ്. നിധി പിരിവ് സംബന്ധിച്ചുള്ള റിപ്പോർട്ട് ഒരു വലിയ പുസ്തകമായി അച്ചടിച്ച് ഓരോ പള്ളിക്കും അയച്ചുകൊടുത്തു. 'മലങ്കരസഭ' എന്ന ശീർഷകത്തിൽ ഒ. എം. ചെറിയാൻ അതിൽ എഴുതിയിട്ടുള്ള പ്രൗഢമായ ഉപന്യാസം ആ ഗ്രന്ഥത്തെ അവിസ്മരണീയമാക്കുന്നു. 'മലങ്കരസഭ' എന്ന പേരിലും 'കാതോലിക്കാ സിംഹാസനം' എന്ന പേരിലും ആ ഉപന്യാസം പുസ്തകരൂപത്തിൽ പിന്നീട് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്.


ഒരു പണപ്പിരിവ് നടത്തി എന്നതല്ല നിധി സംഭരണ പ്രസ്ഥാനം കൊണ്ടുണ്ടായ പ്രധാന പ്രയോജനം, കെ. ഐ. വറുഗീസ് മാപ്പിള ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, സമുദായൈക്യബോധത്തെ സൃഷ്ടിക്കുന്നതിന് ഈ നിധി സംഭരണപ്രസ്ഥാനം ഉപയോഗപ്പെട്ടിട്ടുണ്ട് എന്നതാണ് പ്രഥമവും പ്രധാനവുമായ പ്രയോജനം.

(ഡോ. സാമുവൽ ചന്ദനപ്പള്ളിയുടെ മാർഗ്ഗദർശനത്തിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ മലയാള ഗവേഷണ വിഭാഗത്തിൽ ഒ. എം. ചെറിയാന്റെ സാഹിത്യ സംഭാവനകളെക്കുറിച്ചുള്ള ഗവേഷണ പഠനത്തിനാണ് 1995-ൽ സിബി തരകന് ഡോക്ടറേറ്റ് ലഭിച്ചത്. സാഹിത്യ നിരൂപകനും കേരള സർവകലാശാലയിലെ മലയാളം വകുപ്പ് അധ്യക്ഷനുമായിരുന്ന ഡോ. പി. വി. വേലായുധപിള്ളയായിരുന്നു പരിശോധനാ സമിതിയുടെ അധ്യക്ഷൻ. മലയാള സാഹിത്യ ചരിത്രത്തിൽ അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഒരു സാഹിത്യകാരന്റെ കൃതികൾ തേടിപ്പിടിച്ച് പഠനം നടത്തിയതിൽ അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.

ഒ. എം. ചെറിയാനെക്കുറിച്ചുള്ള ഗവേഷണ ഫലങ്ങൾ ഭാഷാപോഷിണി, സാഹിത്യപോഷിണി എന്നീ മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒ.എം. ചെറിയാന്റെ സാഹിത്യ ജീവിതത്തേക്കുറിച്ചുള്ള ഡോ. സിബി തരകന്റെ പുസ്തകം സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സിബിയുടെ പഠനങ്ങളും കണ്ടെത്തലുകളും 1995-നു ശേഷം ഒ. എം. ചെറിയാനെക്കുറിച്ചുള്ള ലേഖനങ്ങൾക്കും പഠനങ്ങൾക്കും എഴുത്തുകാർ ഉപയോഗിച്ചു വരുന്നു. - എഡിറ്റർ)

❑

സംവിധായകൻ വത്സൻ കണ്ണേത്ത് അന്തരിച്ചു



പുത്തൻകുരിശ്: ചലച്ചിത്ര സംവിധായകൻ വത്സൻ കണ്ണേത്ത് (73) അന്തരിച്ചു. 1985-ൽ റിലീസ് ചെയ്ത 'എന്റെ നന്ദിനിക്കുട്ടി' എന്ന ചിത്രത്തിന്റെ സംവിധായകനാണ്. എറണാകുളം പുത്തൻകുരിശ് മാളിയേക്കൽ കണ്ണേത്ത് ഇട്ടൻ കുരിയന്റേയും വിത്തമ്മയുടേയും മകൻ. ഭാര്യ വെണ്ണിക്കുളം തുർക്കടയിൽ വത്സ. മകൻ അരുൺ കണ്ണേത്ത് (ദുബായ്), മരുമകൾ നീതു (ദുബായ്).

എഴുപതുകളിൽ തിരുവനന്തപുരം മെരിലാന്റ് സ്റ്റുഡിയോയിൽ, നിർമ്മാതാവും സംവിധായകനുമായ പി. സുബ്രഹ്മണ്യത്തിന്റെ കീഴിൽ തന്റെ സിനിമാ ജീവിതം ആരംഭിച്ച വത്സൻ പിന്നീട് എം.കൃഷ്ണൻ നായർ, ശശികുമാർ, എ. ഭീംസിംഗ്, പി.എൻ. സുന്ദരം, തോപ്പിൽ ഭാസി, ലിസ ബേബി തുടങ്ങിയ സംവിധായകരുടെ കീഴിൽ അമ്പതോളം സിനിമകളിൽ സഹസംവിധായകനായി പ്രവർത്തിച്ചു. അടൂർ ഭാസി സംവിധാനം ചെയ്ത 'ആദ്യപാഠ'ത്തിന്റെ സഹസംവിധായകനായിരുന്നു. പ്രശസ്ത സംവിധായകൻ മോഹന്റെ ആദ്യകാല ചിത്രങ്ങളിൽ മുഖ്യ സഹസംവിധായകനായി പ്രവർത്തിച്ചു. നടനും നിർമ്മാതാവുമായ ഇന്നസന്റ്, ഡേവിഡ് കാച്ചപ്പിള്ളി എന്നിവരോടൊപ്പം വിവിധ ചലച്ചിത്ര സംരംഭങ്ങളിൽ പങ്കാളിയായിട്ടുണ്ട്.

സംസ്കാരം പുത്തൻകുരിശ് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ നടത്തി.

വചനതീർത്ഥം

വാങ്ങിപ്പിനു ശേഷം രണ്ടാം ഞായർ

(വി. ലൂക്കോസ് 11:9–20)

ഫാ. ജെറിൻ ജോൺ അടൂർ



പ്രാർത്ഥനയിലൂടെ ചോദിക്കുക മാത്രമല്ല, എന്തോ അന്വേഷിക്കുവാനും കൂടി യേശു നമ്മോട് ആവശ്യപ്പെടുകയാണ്. എന്താണ് നമ്മൾ അന്വേഷിക്കേണ്ടത്?

ചോദിക്കുക, അന്വേഷിക്കുക, മുട്ടുക എന്നീ മൂന്ന് പ്രവർത്തനങ്ങളിൽ ഓരോന്നും യഥാർത്ഥ ഗ്രീക്ക് ഭാഷയിൽ വർത്തമാന കാലഘട്ടത്തിലാണ് സംഭവിക്കുന്നത്. ഇത് അക്ഷരാർത്ഥത്തിൽ; 'ചോദിച്ചുകൊണ്ടേയിരിക്കുക, അന്വേഷിക്കുക, മുട്ടിക്കൊണ്ടിരിക്കുക.'

ഈ സ്ഥിരോത്സാഹത്തിൽ ഒരു പുരോഗതിയുണ്ട്, ചോദിക്കുകയും അന്വേഷിക്കുകയും മുട്ടുകയും ചെയ്യുന്നു. നിങ്ങളുടെ ബൈബിളിൽ പ്രാർത്ഥനയുടെ ഈ മൂന്ന് തലങ്ങൾ അടയാളപ്പെടുത്തുക, ചോദിക്കുക, അന്വേഷിക്കുക, മുട്ടുക. ഇപ്പോൾ നമുക്ക് അവിടെ അർത്ഥം പരിഗണിക്കാം, "ചോദിക്കുന്നത് ഒരു ലളിതമായ അഭ്യർത്ഥനയാണ്. അന്വേഷിക്കുന്നത് ശക്തമായ ആഗ്രഹത്തെയും കൂടുതൽ കൃത്യമായ അഭ്യർത്ഥനയെയും സൂചിപ്പിക്കുന്നു. സമയമെടുക്കുന്ന കാര്യമാണ്. അത് കൂടുതൽ അടിയന്തിരാവസ്ഥയെ സൂചിപ്പിക്കുന്നു. മുട്ടുന്നത് ഉത്തരം ലഭിക്കാനുള്ള ദൃഢനിശ്ചയം കാണിക്കുന്നു.

"എന്റെ മുഖം അന്വേഷിപ്പിൻ" എന്നു നിങ്കൽനിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു" (സങ്കീർത്തനം 27:8).

നമ്മുടെ എല്ലാ പ്രാർത്ഥനകളുടെയും ആത്യന്തികലക്ഷ്യം ഇതായിരിക്കണം – സർവ മഹത്വത്തിന്റെയും ഉടയവനായ ദൈവത്തെ തേടുക. നമ്മിൽനിന്നും മറഞ്ഞിരിക്കാൻ ദൈവം ഒരിക്കലും ആഗ്രഹിക്കുന്നില്ല. "എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കുന്നു; എന്നെ ജാഗ്രതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തും" (സദൃശ്യ വാക്യങ്ങൾ 8:17).

മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. (മത്തായി 6:33) എന്ന് യേശു തന്നെ നമ്മോടു പറഞ്ഞുകഴിഞ്ഞു.

ദൈവത്തിന്റെ രാജ്യം അന്വേഷിക്കുന്നവർ ഈ ലോകത്തിന്റെ അംഗീകാരങ്ങളേക്കാൾ സ്വർഗ്ഗത്തിൽ ഇടം തേടുന്നു;

ദൈവത്തിന്റെ നീതി അന്വേഷിക്കുന്നവർ സ്വന്തം താല്പര്യങ്ങൾക്കുപരിയായി ദൈവേഷ്ടത്തിനു ജീവിതത്തിൽ പ്രാധാന്യം നൽകുന്നു.

ഇപ്രകാരം ചെയ്യുമ്പോൾ, ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മെക്കും കുറവില്ല (സങ്കീർത്തനം 34:10), എന്ന് ദൈവത്തിന്റെ വചനം ഉറപ്പ് നൽകുന്നു.

മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും: ഹൃദയത്തിൽ ദൈവത്തോടു ചോദിക്കുകയും, മനസ്സിൽ ദൈവത്തെ അന്വേഷിക്കുകയും ചെയ്യുന്ന ഒരാൾ ദൈവരാജ്യത്തിന്റെ പടിവാതിൽ കണ്ടെത്തുന്പോൾ അവിടെച്ചെന്നു മുട്ടുകയും വേണം.

മറ്റാരും കേൾക്കുകയോ അറിയുകയോ ചെയ്യാതെ ദൈവത്തോടു ചോദിക്കാനും ദൈവത്തെ അന്വേഷിക്കുവാനും നമുക്കാവും. എന്നാൽ, മുട്ടുന്നത് ഒരു പ്രവൃത്തിയാണ്, അതു നമ്മെ കർമ്മോത്സുകരാക്കുന്നു. അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു (യാക്കോബ് 2:17).

ഹൃദയംകൊണ്ടും മനസ്സുകൊണ്ടും ദൈവത്തെ തേടുന്നതിനൊപ്പം നമ്മുടെ പ്രവൃത്തികളിലും ദൈവമഹത്വം കാംക്ഷിക്കാൻ നമുക്കാവണം.

കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക (1 യോഹന്നാൻ 3:18).

നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവു പുത്രനിൽ മഹത്വപ്പെടേണ്ടതിന്നു ഞാൻ ചെയ്തു തരും (യോഹന്നാൻ 14:13–14).

പ്രാർത്ഥന യേശുവിന്റെ നാമത്തിൽ പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്നു ആണ്. ചോദിച്ചാൽ നൽകുമെന്ന, അന്വേഷിച്ചാൽ കണ്ടെത്തുമെന്ന, മുട്ടിയാൽ തുറക്കപ്പെടുമെന്ന ദൈവത്തിന്റെ വാഗ്ദാനം നമ്മിൽ പൂർത്തീകരിക്കുന്നതിനായി, നമ്മുടെ ഹൃദയങ്ങളെ വിശുദ്ധീകരിക്കുകയും ആഗ്രഹങ്ങളെ ക്രമപ്പെടുത്തുകയും ജീവിതത്തെ നവീകരിക്കുകയും ചെയ്യുന്ന ദൈവകൃപകൾക്കായി പ്രാർത്ഥിക്കാം.

മിലാൻ കത്തീഡ്രലിൽ അതാത് വാതിലുകൾക്ക് മുകളിൽ മൂന്ന് ലിഖിതങ്ങളുണ്ട്. വലതുവശത്തെ വാതിലിനു മുകളിൽ ഈ മുദ്രാവാക്യമുണ്ട്: 'ഇഷ്ടപ്പെടുന്നതെല്ലാം ഒരു നിമിഷം മാത്രം.' ഇടതുവശത്തെ വാതിലിനു മുകളിലൂടെ ഈ വാക്കുകൾ ഇങ്ങനെയാണ്: 'എല്ലാ പ്രശ്നങ്ങളും ഒരു നിമിഷത്തേക്കേയുള്ളൂ.' എന്നാൽ മധ്യവാതിലിനു മുകളിൽ ഒരു ലളിതമായ വാചകം ഉണ്ട്: 'ശാശ്വതമായതല്ലാതെ മറ്റൊന്നും പ്രധാനമല്ല.' ആ പ്രസ്താവന എത്രത്തോളം ശരിയാണ് എന്നിട്ടും പലരും സന്തോഷിക്കുന്നതിനെക്കുറിച്ചോ ജീവിതത്തിൽ വരുന്ന പ്രശ്നങ്ങളെക്കുറിച്ചോ കൂടുതൽ ശ്രദ്ധാലുക്കളാണ്. അവർക്ക് ശാശ്വതമായ കാര്യങ്ങളിൽ ആശങ്കയില്ല

നാം എങ്ങനെ പ്രാർത്ഥിക്കും, നമ്മുടെ പ്രാർത്ഥനയിൽ കൂടുതൽ ഫലപ്രദമാകാൻ നമുക്ക് കഴിയുമോ? ദൈവം എപ്പോഴും നമ്മെ കേൾക്കുന്നുണ്ടോ? എന്തുകൊണ്ടാണ് അവൻ ചിലപ്പോൾ ഉത്തരം നൽകാൻ സമയം ചെലവഴിക്കുന്നത്?

ശിഷ്യന്മാർ യേശുവിനോട് ഇതേ ചോദ്യങ്ങൾ ചോദിച്ചു. ഒരു ദിവസം അവർ അവനോടൊപ്പം തനിച്ചായിരിക്കുകയും യേശു പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ അവർ പറഞ്ഞു: 'ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുക. എങ്ങനെ പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കാൻ ശിഷ്യന്മാർ യേശുവിനോട് ആവശ്യപ്പെട്ടപ്പോൾ, അവർക്കുവേണ്ടിയുള്ള കർത്താവിന്റെ പ്രാർത്ഥനയുടെ രൂപരേഖ അദ്ദേഹം പറഞ്ഞു. ഇത് അവർക്ക് പ്രാർത്ഥനയ്ക്കുള്ള ഒരു മാതൃക നൽകി. എന്നാൽ അതിനു ശേഷം അർദ്ധരാത്രിയിൽ അയൽവാസികളുടെ വാതിലിൽ ചെന്ന് മുട്ടിയ ഒരു സുഹൃത്തിനെക്കുറിച്ച് യേശു ഒരു കഥ പറഞ്ഞു (ലൂക്കോസ് 11:5–13).

കർത്താവിന്റെ പ്രാർത്ഥനയിൽ, ഇതിന് തൊട്ടുമുമ്പ്, പ്രാർത്ഥനയ്ക്ക് ഒരു മാതൃകയുണ്ട്, എന്നാൽ അതിഥിക്ക് വിളമ്പാൻ കുറച്ച് അപ്പത്തിനായി അർദ്ധരാത്രിയിൽ അയൽക്കാരനെ ശല്യപ്പെടുത്തുന്ന ഒരു സുഹൃത്തിനെക്കുറിച്ചാണ് യേശു ഈ കഥ പറയുന്നത്. ഈ കഥയിൽ യേശു ഇപ്പോഴും പ്രാർത്ഥനയെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നത് നിങ്ങൾ കാണുന്നു – നമ്മുടെ പ്രാർത്ഥനയിൽ കൂടുതൽ ഫലപ്രദമാകണമെങ്കിൽ നമുക്ക് പ്രയോഗിക്കാൻ കഴിയുന്ന ചില തത്ത്വങ്ങൾ അദ്ദേഹം അതിൽ വിവരിക്കുന്നു.ഈ സുഹൃത്ത് അർദ്ധരാത്രിയിൽ അയൽവാസികളുടെ വാതിലിൽ മുട്ടുന്നത് പോലെ, നാം നമ്മുടെ പ്രാർത്ഥനയിൽ ധൈര്യമുള്ളവരായിരിക്കുക. ഈ ധൈര്യമാണ് നമ്മുടെ പ്രാർത്ഥനയെ അർത്ഥവത്താകുന്നത്. പ്രാർത്ഥനകൾ അർത്ഥപൂർണ്ണം ആകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ

❑

Church Calendar



Lord Teach Us How to Pray

(Second Sunday After Assumption, Lk11:9-20)

Fr. Sajoie Samuel

The context of Luke 11:9 is Jesus teaching His disciples about prayer. In the preceding verses, He shares the Lord's Prayer and emphasizes the importance of persistence in seeking God. The verse encourages believers to ask, seek, and knock, trusting that God will respond. It reflects Jesus' invitation to approach God confidently and persistently in prayer.

In the biblical context, prayer is a way of establishing and maintaining a connection with God. It involves adoration, confession, thanksgiving, and supplication (ACTS). The goal is to foster a two-way relationship, where we not only talk to God but also listen, discerning His will for our life. Let's see what the Bible teaches us about prayer:

Matthew 5:44–45a (also see Luke 6:28):

Love your enemies and pray for those who persecute you. By doing so, you reflect the character of your heavenly Father.

Matthew 6:5-15 (The Lord's Prayer):

Jesus teaches about sincere, private prayer. Avoid hypocrisy and empty phrases. Pray to your Father in secret, and He will reward you.

Matthew 7:7-11:

Ask, seek, and knock. God responds to those who seek Him persistently. He gives good gifts to those who ask.

Matthew 15:8-9; Mark 7:6–7:


Jesus rebukes empty worship and emphasizes the importance of genuine heart connection with God.

Matthew 18:19-20:

When two or more agree in prayer, God responds. Where believers gather in His name, Jesus is present.

Matthew 21:13 (also see Mark 11:17; Luke 19:46):

Jesus quotes Isaiah, emphasizing that God's house should be a house of prayer.



Remember, prayer is a powerful way to communicate with God, seek His guidance, and experience His presence.

Luke 11:9

"And I say unto you, Ask, and it shall be given you; seek, and ye shall find; knock, and it shall be opened unto you". Let us delve deeper into this verse and learn from it:

I. PRAYERS ARE THE FOUNDATION OF A PATERNAL RELATIONSHIP THAT IS ETERNAL

The Lord's Prayer, the prayer that Jesus taught to His disciples starts with the believer addressing his/her relationship with the Father. This relationship is open to both believers and heathens. When we know we are addressing our prayers to a Fatherly figure it creates a bonding that brings forth our love and dedication to the Lord. There is a feeling of oneness between a father and his offspring. It starts from the womb and ends to the grave. But in the case of our Heavenly Father, the filial bond starts even before we exist in the foetus and there is no end to it. This is the sort of Father - son/daughter relationship we are blessed with.

The prayer teaches us the concept of importunity. We need to have a persistent relation with God as we see in the Parable of the widow and the judge (Luke 11:5-8). In the Parable of the Prodigal Son we see the love of a father who is willing to forgive the impudence shown by his son in wasting away his wealth. But for the father to show his filial love, it is imperative for the son to do his bit for the relationship to flourish. So we are to understand the unfathomable depths of love that we are destined to as thw children of God.

II. PRAYERS ARE NOT INSTANT GUARANTEES BUT A PROMISE OF GOD'S PROVIDENCE

As children of God, we have our work cut out. We are asked to put forward our pleas in the presence of God but with certain steadfastness and dedication. No guarantee is given that anything we ask of God will be granted to us. But we need to be mindfull of what we are going to ask of God. God has promised us that He will answer us our prayers but there is a pattern to be followed. We need to add faith to our prayers that will eventually lead to its fruition. The plea of the widow was full of humility and faith which was a sweet offering to God. It is such prayers that open the gates of heaven.

Every prayer that we make to God is not a sureity that it would be answered. Rather, we are expected to submit ourselves to the divine providence of God. Otherwise why was not Jesus prayer to the Heavenly Father not answered? Immediately before His passion, Jesus asks the Heavenly Father to take away His cup of suffering from Him. But He also adds that may His (God's) will happen. Let us take a cue from Jesus' petition as to how we should pray to our Heavenly Father. It is because we pray in a wrong manner that we are unable to have a clarity about the same.

◆

ലാവണ്യദർശനം

മലങ്കര നസ്രാണികളുടെ തോമാവബോധം

ഡെറിൻ രാജു

മലങ്കര നസ്രാണികളുടെ ഏറ്റവും വലിയ സ്വത്ത് അവരുടെ തോമാവബോധമാണ്. അത് കാലാതിവർത്തിയും ചൈതന്യവത്തുമായ ഒരു സ്മരണയാണ്. സൗരഭ്യവാസനയാകുന്ന ഓർമ്മകളെപ്പറ്റി സുറിയാനിക്കാരുടെ ആരാധാനാസാഹിത്യത്തിൽ ധാരാളം പരാമർശങ്ങളുണ്ട്. അതുപോലെ സുഗന്ധവാഹിനിയായ ഒരോർമ്മ.

ഒരു ഓർമ്മയും പേരും എങ്ങനെയാണ് തലമുറകളെ സ്വാധീനിക്കുക? അധീശത്വ വാഴ്ചകൾക്കും പ്രളയങ്ങൾക്കും കൊടുങ്കാറ്റുകൾക്കും ക്ഷാമ-പഞ്ഞങ്ങൾക്കും തകർക്കാനാകാതെ നസറായനിലേക്കുള്ള ഒരു ദിശാസൂചിയായി, വഴി കാട്ടുന്ന ഒരു വിളക്കുമരമായി എങ്ങനെയാണ് അതിന് നിലനിൽക്കാനാകുക? അത്രയേറെ നസ്രാണികളുടെ ആത്മാവിൽ അലിഞ്ഞു ചേർന്ന ഒരു പേരാണ് ഗലീലക്കാരനായ തോമയുടേത്; നസ്രാണികളുടെ മാർത്തോമ.

ചങ്ങാടങ്ങളിലും വള്ളപ്പടികളിലും മലഞ്ചെരിവുകളിലും ഇരുന്ന് ഒരുവൻ പറഞ്ഞ കാലാതിവർത്തിയായ ദർശനങ്ങളെ ആയിരം കാതങ്ങൾക്കിപ്പുറം ഈ മണ്ണിൽ നട്ട് നനച്ച് ഇവിടുറങ്ങി, നസ്രായന്റെ സ്നേഹമതത്തിനു, അവന്റെ വിപ്ലവാശയങ്ങൾക്കു ഒരു ഇടമുണ്ടാക്കി കടന്നു പോയവന്റെ പൈതൃകമാണ് നസ്രാണികളുടെ സ്വത്വബോധത്തെ നിർവചിച്ചത്.

ബഥാന്യയിലേക്കുള്ള യാത്ര ആപത്ക്കരമെന്ന് കണ്ട് പരിഭ്രമിച്ച തന്റെ സഹാക്കളോട് 'അവനോടു കൂടെ മരിക്കേണ്ടതിനു നാമും പോക' യെന്നു പറഞ്ഞു ധൈര്യപ്പെടുത്തിയവന്റെ ഉറപ്പാണ്, സ്ഥൈര്യമാണ്, ഏതു പോരാട്ടത്തെയും ശക്തീകരിക്കുന്ന ഉൾപ്രേരകം. അതിനോളം വലിയൊരു ആഹ്വാനമോ പ്രത്യാശ നിറഞ്ഞ പ്രോത്സാഹനമോ ഇല്ല.



കണ്ടിട്ടില്ലാത്ത, അറിഞ്ഞിട്ടില്ലാത്ത, അകലെ വിദൂരതയിൽ കാണുന്ന ഒരു ചെറു പൊട്ടു പോലെയോ ചക്രവാളത്തിന്റെ അങ്ങേ കോണിലേക്ക് പറന്നമരുന്ന ഒരു ചെറുപക്ഷിയെ പോലെയോ പോലും അറിയാത്ത ഒരു ഭൂപ്രദേശത്തേക്ക് കടന്നു വന്ന്, ഇവിടെയടങ്ങിയവനെ ഓർക്കുന്ന ഏത് സന്ദർഭവും ഒരു കൃതജ്ഞതയാണ്. ആ ഓർമ്മയെ മറന്നു കളയുന്നയത്ര കൃതഘ്നതയും വേറൊന്ന് നസ്രാണിക്കില്ല.

◆



Ecumenical Department of Malankara Orthodox Syrian Church Hosts Historic Joint Working Group Meeting with Russian Orthodox Church in Dubai

Dubai, August 21-23, 2024: In a significant milestone, the Ecumenical Department of the Malankara Orthodox Syrian Church (MOSC) hosted a meeting of the Joint Working Group for bilateral relations between the Russian Orthodox Church and the MOSC in Dubai. The gathering marked a crucial step towards strengthening ties between the two ancient Christian denominations.

The MOSC delegation, led by Co-Chairperson H.E. Zachariah Mar Nicholovos and President of the Ecumenical Department H.E. Dr. Youhanon Mar Demetrios, engaged in fruitful discussions with their Russian counterparts, led by Co-Chairperson H.E. Kirill. The meeting aimed to foster greater understanding, cooperation, and collaboration between the two churches.

The Joint Working Group meeting was attended by esteemed members from both delegations, including Fr. Ashwin Fernandez, Secretary to the Ecumenical Department of MOSC; Mr. Jacob Mathew, member of the MOSC delegation; Hieromonk Stefan, Secretary of the Ecumenical Department of the Russian Orthodox Church; Fr. Mark, Office Secretary of the Ecumenical Department of the Russian Orthodox Church; and Mr. Maskin Kalinin, member of the Russian delegation and Syriac literature scholar.

The Ecumenical Department of the MOSC, under the leadership of H.E. Dr. Youhanon Mar Demetrios, has been instrumental in organizing this meeting, demonstrating its commitment to promoting unity and cooperation among Christian denominations.

This historic gathering underscores the commitment of both churches to promoting unity and cooperation in their shared pursuit of spiritual growth and service to humanity. The meeting sets the stage for future collaborations and initiatives between the Malankara Orthodox Syrian Church and the Russian Orthodox Church.



54-ാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരം പ്രഖ്യാപിച്ചതിൽ മികച്ച തിരക്കഥാകൃത്ത് ആയി പോൾസൺ സ്കറിയ തിരഞ്ഞെടുക്കപ്പെട്ടു. 'കാതൽ ദി കോർ' എന്ന സിനിമയിലൂടെയാണ് അംഗീകാരം ലഭിച്ചത്. പാമ്പാക്കുട സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.



തൃശൂർ ഭദ്രാസനതിലെ മരോട്ടിച്ചാൽ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിലെ ജീഷ്മോൻ വര്ഗീസ് (എസ്.ഐ. വടക്കഞ്ചേരി പോലീസ് സ്റ്റേഷൻ) മുഖ്യമന്ത്രിയുടെ വിശിഷ്ട സേവന മെഡലിനു അർഹനായി.

ഹൈദരാബാദ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസ്യൂട്ടിക്കൽ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (NIPER) യിൽ നിന്ന് എം.ഫാമിനു ലിജോ മാണിക്ക് ഒന്നാം റാങ്ക് ലഭിച്ചു. വാകത്താനം വലിയപള്ളി ഇടവകയിൽ വള്ളവൻകടവിൽ വി. എസ്. മാണിക്കുഞ്ഞിന്റെയും ലൈല മാണിയുടെയും മകനാണ്.

